VOL NO: 10 I ISSUE 04

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 JANUARY 24 I ₹10




## സോഷ്യൽ മീഡിയാ വിചാരണകൾ; ഒരു വിശകലനം

താൽക്കാലിക മനഃസുഖത്തിനും ഇടക്കാല നീതിക്കും മാത്രമല്ല റീച്ചിനും ലൈക്കിനും വേണ്ടി വരെ അപരവിദ്വേഷം ആഘോഷിക്കുന്ന തരത്തിലേക്ക് സോഷ്യൽ മീഡിയാ വിചാരണകൾ വഴിമാറിയിരിക്കുന്നു. കുറ്റാരോപിതനിൽ നിന്ന് കുറ്റവാളിയിലേക്കുള്ള യാത്രയിലെ അവധാനത 'വിരൽത്തുമ്പ് നീതി' യിലൂടെ മറികടക്കാമെന്ന് ചിന്തിക്കുന്നത് ഡിജിറ്റൽ വ്യാമോഹങ്ങൾ മാത്രമാണ്.

**വർഗീയത വിതച്ച് വോട്ട് കൊയ്യാനുള്ള ശ്രമം!**

**ആധുനിക ഖവാരിജുകൾ**

**ശഅ്ബാൻ; റമദാനിലേക്കുള്ള ചവിട്ടുപടി**

മുഫീദ് പാലക്കാഴി ● റോഷൻ പുനലൂർ ● സലാം സുറുമ എടത്തനാട്ടുകര


دار الحكمة
WISDOM HOUSE
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

470

നേർപഥം വാരിക

2026 ജനുവരി 24
1447 ശഅബാൻ 28
പുസ്തകം 10 / ലക്കം 04






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




മുഫീദ് പാലക്കാഴി

താൽക്കാലിക മനഃസുഖത്തിനും ഇടക്കാല നീതിക്കും മാത്രമല്ല റീച്ചിനും ലൈക്കിനും വേണ്ടി വരെ അപരവിദ്വേഷം ആഘോഷിക്കുന്ന തരത്തിലേക്ക് സോഷ്യൽ മീഡിയാ വിചാരണകൾ വഴിമാറിയിരിക്കുന്നു. കുറ്റാരോപിതനിൽ നിന്ന് കുറ്റവാളിയിലേക്കുള്ള യാത്രയിലെ അവധാനത 'വിരൽത്തുമ്പ് നീതി'യിലൂടെ മറികടക്കാമെന്ന് ചിന്തിക്കുന്നത് ഡിജിറ്റൽ വ്യാമോഹങ്ങൾ മാത്രമാണ്.


**05** മുഖമൊഴി
വർഗീയത വിതച്ച് വോട്ട് കൊയ്യാനുള്ള ശ്രമം!

**06** ലേഖനം
ശഅ്ബാൻ; റമദാനിലേക്കുള്ള ചവിട്ടുപടി
റോഷൻ പുനലൂർ

**16** കാഴ്ച
അഭിപ്രായം പറയാൻ മടിക്കരുത്
സലാം സുറുമ എടത്തനാട്ടുകര

**18** ലേഖനം
ആധുനിക ഖവാരിജുകൾ
മുഹമ്മദ് അമീൻ

**22** നമുക്കുചുറ്റും
നമുക്ക് നമ്മുടെ റബ്ബുണ്ട്
നസീമ വാടാനപ്പള്ളി

**23** പുതുനാമ്പുകൾ
ഇന്ധനമില്ലാത്ത വാഹനം
ഹർഷ പി.

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
ചെറുവാടി സംവാദം; ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നവരോട്
മൂസ സ്വലാഹി കാര

**32** ലേഖനം
മനുഷ്യന്റെ ദുർബലതയും സ്രഷ്ടാവിന്റെ ശക്തിയും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ചിന്താപഥം
ഇതൊക്കെ പറയാൻ താനാരാ?
ഹാദി അബ്ദുൽ റഊഫ് കുടാളി, കണ്ണൂർ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly




# സാമൂഹിക മുന്നേറ്റത്തിന് പ്രൊഫഷണലുകൾ നേതൃത്വം നൽകണം: വിസ്ഡം പ്രൊഫൈസ്

ഫറോക്ക്: സമൂഹത്തിന്റെ ധാർമികവും സാംസ്കാരികവുമായ മുന്നേറ്റത്തിന് കരുത്ത് പകരാൻ പ്രൊഫഷണലുകൾ നേതൃപരമായ പങ്ക് വഹിക്കണമെന്ന ആഹ്വാനത്തോടെ പ്രൊഫൈസ് ഫാമിലി കോൺഫറൻസ് സമാപിച്ചു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിലാണ് രണ്ട് ദിവസമായി കോട്ടക്കടവിൽ ഫാമിലി കോൺഫറൻസ് സംഘടിപ്പിച്ചത്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനവും ക്ഷേമവും മുഖ്യലക്ഷ്യമായി കാണാൻ പ്രൊഫഷണലുകൾക്ക് സാധിക്കേണ്ടതുണ്ട്. അരുതായ്മകൾക്കെതിരെ പ്രൊഫഷണലുകൾ സ്വീകരിക്കുന്ന നിലപാടുകൾ സമൂഹത്തിൽ വലിയ ചലനങ്ങളുണ്ടാക്കുമെന്നും കോൺഫറൻസ് അഭിപ്രായപ്പെട്ടു. കേരളത്തിൽ വർധിച്ച് വരുന്ന സാമുദായിക ധ്രുവീകരണ നീക്കങ്ങൾക്കെതിരെ പ്രതികരിക്കാനും ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങളുടെ സംരക്ഷണങ്ങളിൽ ക്രിയാത്മകമായ പങ്ക് വഹിക്കാനും സാധിക്കുന്ന വിധം പ്രൊഫഷണലുകളുടെ സാമൂഹിക ജീവിതം ക്രമപ്പെടുത്തണമെന്നും അത് വലിയ സാമൂഹിക വിപ്ലവത്തിന് കാരണമാകുമെന്നും കോൺഫറൻസ് അഭിപ്രായപ്പെട്ടു.

തങ്ങളുടെ കരിയറുകൾ മികച്ചതാക്കാൻ സാധിക്കുന്ന വിധം തൊഴിലവസരങ്ങൾക്കും പ്രൊജക്ടു കൾക്കും ആവശ്യമായ സാമൂഹിക സാഹചര്യം ഒരുക്കാൻ കേരള സർക്കാർ പ്രത്യേക പദ്ധതിക്ക് രൂപം നൽകണം. സംരംഭങ്ങൾക്ക് വേണ്ടി ഒരുക്കിയ ഏകജാലക സംവിധാനങ്ങൾ കുറ്റമറ്റതാക്കാനും കാലോചിതമായ പരിഷ്‌ക്കരണങ്ങൾ കൊണ്ടുവരാനും ബന്ധപ്പെട്ട വകുപ്പുകൾക്ക് സാധിക്കണം.

മാനവിക മൂല്യങ്ങൾ കൈമാറുന്നതോടൊപ്പം മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിധം സ്കൂൾ വിദ്യാഭ്യാസം മുതലുള്ള പരിഷ്‌ക്കരണങ്ങൾ കാലോചിതമാക്കണം. മനുഷ്യന്റെ ആത്മീയ അന്വേഷണങ്ങളെ വഴിതിരിച്ച് വിടുന്ന പുരോഹിതന്മാർക്കെതിരെയും വിശ്വാസ വിമലീകരണം ലക്ഷ്യമാ ക്കിയുള്ള സാമൂഹിക മുന്നേറ്റത്തിലും പ്രൊഫഷണലുകൾ പങ്കാളികളാകണമെന്നും കോൺഫറൻസ് ആവശ്യപ്പെട്ടു.

സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പിഎൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടികെ അശ്‌റഫ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ടി.കെ നിഷാദ് സലഫി, ജനറൽ സെക്രട്ടറി ഡോ. വി.പി ബഷീർ, വിസ്ഡം സ്റ്റുഡന്റ്സ് പ്രസിഡന്റ് മുഹമ്മദ് ശമീൽ, ജംഷീർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, ഡോ. ഷഹബാസ് കെ അബ്ബാസ്, സി.പി ഹിലാൽ സലീം, അർശദ് അൽഹികമി, ഡോ. ടി സി മുഹമ്മദ് മുബശ്ശിർ, അബ്ദുറഹ്മാൻ അൻസാരി, പ്രൊഫ. ഹാരിസ് ബൻ സലിം, ഡോ. മുഹമ്മദ് റോഷൻ, ഡോ. കെ.പി അബ്ദുറഹ്മാൻ, ഡോ. പിപി മുഹമ്മദ് മുസ്ത്വഫ, ഡോ. ഷബിർ മുഹമ്മദ്, ഡോ. ഷഹദാദ്, ഡോ. ടി.കെ ഫവാസ്, സി മുഹമ്മദ് അജ്മൽ, ഡോ. സി.പി അബ്ദുല്ലാ ബാസിൽ, ഷംജാസ് കെ അബ്ബാസ്, എ.പി മുനവർ സ്വലാഹി, ടി.കെ ഉബൈദ് എന്നിവർ വിഷയാവതരണം നടത്തി.

4 വേദികളിൽ 12 സെഷനുകളായാണ് പ്രോഗ്രാം ക്രമീകരിച്ചത്. ഫാമിലി സെഷനുകൾക്ക് പുറമെ ബട്ടർഫ്ളൈസ്, സ്വീറ്റ് ബഡ്സ്, ലിറ്റിൽ വിംഗ്സ്, ടീൻ സ്പേയ്സ് എന്നിങ്ങനെ കുട്ടികളുടെ പ്രായമനുസരിച്ചും വേദികൾ ഒരുക്കി. ■

# വർഗീയത വിതച്ച് വോട്ട് കൊയ്യാനുള്ള ശ്രമം!

*നിന്റെ രക്തത്തിൽ പങ്കി-*
*ല്ലെനിക്ക്; ലോകം കാൺകെ*
*രണ്ടു കൈകളും ഞാനും*
*കഴുകി വെടുപ്പാക്കീ.*
*അതു നന്നായീ, ഞങ്ങ-*
*ളാശ്വാസം പൂണ്ടീടുന്നൂ*
*ക്ഷിതിയിൽ ധർമത്തിന്റെ*
*നിറമിന്നിരുട്ടല്ലോ.*
*അതു നന്നായീ, ഞങ്ങൾ*
*മന്ത്രിപ്പൂ, വീണ്ടും നിന്റെ*
*നരപൂണ്ടൊരാമാറി-*
*ലുണ്ടകൾ തറയ്ക്കുമ്പോൾ.*
*അതുനന്നായീ, ഞങ്ങൾ*
*ഗൂഢമായ് ചിരിക്കുന്നു*
*ശരിയും ശരികേടു-*
*മൊന്നാക്കിയല്ലോ ഞങ്ങൾ.*

ഗാന്ധിവധത്തെ ആസ്പദമാക്കി 1968ൽ സുഗത കുമാരി എഴുതിയ കവിതയിലെ ഏതാനും വരിക ളാണ് മുകളിൽ കൊടുത്തത്. ഗാന്ധിജി ഗോഡ്സേ എന്ന ഭീകരവാദിയുടെ വെടിയുണ്ടയേറ്റ് മരിച്ചുവീ ണതിൽ സന്തോഷിച്ച് മിഠായി വിതരണം നടത്തിയ കാഴ്ച നേരിൽ കണ്ടതായി ഒ.എൻ.വി കുറുപ്പ് എഴു തിയിട്ടുണ്ട്. വർഗീയതയുടെയും ന്യൂനപക്ഷ വിരു ദ്ധതയുടെയും ഈറ്റില്ലങ്ങളായ യു.പി പോലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ പോലെ കേരള ത്തെയും മാറ്റാനുള്ള കുൽസിത ശ്രമങ്ങൾ നടക്കു ന്നത് കണ്ടില്ലെന്നു നടിക്കാനാവില്ല.

ഒരു സമുദായ നേതാവിന് ഉറക്കം വരണമെങ്കിൽ ദിവസവും മുസ്‌ലിം സമുദായത്തിനെതിരെ തന്റെ സമുദായക്കാരുടെ മനസ്സിൽ വെറുപ്പും ഭീതിയും വളർത്തുന്ന പ്രസ്താവന നടത്തണം. അതിനെല്ലാം അടിവരയിടും വിധം ചില മന്ത്രിമാരും നേതാക്കന്മാ രും പ്രസ്താവന നടത്തിക്കൊണ്ടിരിക്കുന്നു! ലക്ഷ്യം ഇങ്ങടുത്തെത്തിയ നിയമസഭാ തിരഞ്ഞെടുപ്പാണെ ന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

തെരഞ്ഞെടുപ്പ് അടുക്കുമ്പോഴാണ് പ്രത്യേകി ച്ചും വർഗീയ കോമരങ്ങൾ ഉറഞ്ഞുതുള്ളാറുള്ളത്. വർഗീയ വികാരം ഇളക്കിവിട്ട് ജനങ്ങൾക്കിടയിൽ ധ്രുവീകരണം നടത്തുകയും അത് വോട്ടാക്കി മാറ്റു കയും എതിർപാർട്ടികളെ വർഗീയതയുടെ പേരിൽ ആക്ഷേപിക്കുകയും ചെയ്യുന്ന കൗതുകകരമായ ഏർപ്പാടാണ് തെരഞ്ഞെടുപ്പുകാലത്ത് കാണുന്നത്.

ആത്മാവ് നഷ്ടപ്പെട്ട രാഷ്ട്രീയം വർഗീയതയെ കൂട്ടുപിടിക്കുന്നതാണ് തെരഞ്ഞെടുപ്പുകാലത്ത് കാണുന്ന ദയനീയ കാഴ്ച. കേരളീയ നവോത്ഥാന വും അത് സൃഷ്ടിച്ച പരിഷ്കരണങ്ങളും പടുത്തു യർത്തിയ പുതിയ കേരളവും തെരഞ്ഞെടുപ്പുകാ ലത്ത് മാറ്റിവെക്കുന്നു. എന്നിട്ട് തുടച്ചുനീക്കിയെന്ന് അവകാശപ്പെടുന്ന വർഗീയതയെയും ജാതിചിന്ത യെയും ആശ്ലേഷിക്കുന്നു. ഒരു വോട്ട് കൂടുതൽ കി ട്ടുമെങ്കിൽ എന്ത് നെറികെട്ട കളി കളിക്കുവാനും തയ്യാറാകുന്നു!

ഹിന്ദുവോട്ട് (അതിൽതന്നെ നായർ വോട്ട്, ഈഴവ വോട്ട്, പട്ടികവർഗ വോട്ട്...), മുസ്‌ലിം വോട്ട്, ക്രിസ്ത്യൻ വോട്ട് എന്നിങ്ങനെ വോട്ടുകളെ തരംതിരിക്കുന്നു. ഹിന്ദുക്കൾ കൂടുതലുള്ള മണ്ഡല ത്തിൽ മറ്റു മതസ്ഥർ സ്ഥാനാർഥിയായിക്കൂടാ, മു സ്‌ലിംകൾ കൂടുതലുള്ള മണ്ഡലത്തിൽ അവരിൽ പെട്ടവർ തന്നെ സ്ഥാനാർഥിയാകണം, ക്രൈസ്തവർ ഭൂരിപക്ഷമുള്ള മണ്ഡലത്തിൽ ക്രിസ്ത്യാനി തന്നെ സ്ഥാനാർഥിയാകണം... ഇതാണിപ്പോഴത്തെ അവ സ്ഥ. ജാതിയും മതവും നോക്കി സ്ഥാനാർഥികളെ നിർത്തുക, ജാതിയുടെയും മതത്തിന്റെയും പേരിൽ വോട്ട് ചോദിക്കുക, ജാതിയും മതവും നോക്കി വോട്ട് ചെയ്യുക... ഇത് അപകടകരമായ പോക്കാണ്; അവ സാനിപ്പിക്കേണ്ടതാണ്.



# ശഅ്ബാൻ; റമദാനിലേക്കുള്ള ചവിട്ടുപടി

റോഷൻ പുനലൂർ
: 8590613225

ചില മാസങ്ങൾക്ക് മറ്റു മാസങ്ങളെക്കാൾ ശ്രേഷ്ഠതയും പ്രത്യേകതയും അല്ലാഹുവും അവന്റെ റസൂലും നൽകിയിട്ടുണ്ട്. അത് അങ്ങനെത്തന്നെ അംഗീകരിക്കാൻ സത്യവിശ്വാസികൾ ബാധ്യസ്ഥരാണ്. ഇസ്ലാമിക കലണ്ടറിലെ എട്ടാമത്തെ മാസമാണ് ശഅ്ബാൻ. ശേഷം കടന്നുവരുന്നത് പുണ്യ റമദാൻ.

മനുഷ്യ സൃഷ്ടിപ്പിന്റെ പ്രഥമ ലക്ഷ്യം അല്ലാഹുവിനുള്ള ഇബാദത്താണ്. ഇബാദത്ത് എന്നാൽ സ്രഷ്ടാവായ റബ്ബിനെ അറിഞ്ഞും അംഗീകരിച്ചും അനുസരിച്ചും ജീവിതത്തെ സമ്പൂർണമായും അവന്ന് വിധേയമാക്കലാണ്. നാഥന്റെ തൃപ്തിയനുസരിച്ച് ജീവിക്കാൻ നമ്മെ പ്രാപ്തമാക്കുന്ന കർമങ്ങളാണ് ആരാധനകൾ. ആരാധനകളിൽ സമയദൈർഘ്യവും ത്യാഗവും

**പ്രത്യേക പ്രാധാന്യമുള്ള രണ്ടു മാസങ്ങൾക്കിടയിൽ വരുന്ന ഒരു മാസമാണ് ശഅ്ബാൻ. അഥവാ യുദ്ധം നിഷിദ്ധമാക്കപ്പെട്ട (പവിത്ര) മാസമായ റജബിനും ഖുർആൻ അവതരിച്ച മാസമായ റമദാനിനും ഇടയിലുള്ള മാസം. 'ജനങ്ങൾ അതിനെക്കുറിച്ച് അശ്രദ്ധയിലാണ്' എന്ന പരാമർശം അതാണ് സൂചിപ്പിക്കുന്നത്.**

കൊണ്ട് സവിശേഷമാണ് റമദാൻ മാസത്തെ വ്രതാനുഷ്ഠാനം. ഒരു മാസക്കാലം പകലുകളിൽ പൂർണമായും അന്നപാനീയങ്ങളുപേക്ഷിച്ച്, ദൈവസ്മരണകളിൽ വ്യാപൃതമായി കഴിയുന്നു വിശ്വാസികൾ. രാത്രി ദീർഘമായി നമസ്കരിച്ചും പ്രാർഥിച്ചും വിശ്രമസമയം ലഘൂകരിക്കുന്നു. ദിനചര്യകളെ ക്രമംതെറ്റിച്ച്, ശീലങ്ങളെ മാറ്റിമറിച്ച്, ദേഹേഛക്ക് പകരം ദൈവേഛക്കനുസരിച്ച ജീവിതപരിവർത്തനം സുസാധ്യമാണെന്ന് മനുഷ്യനെ ബോധ്യപ്പെടുത്തുന്നു റമദാൻ. സർവോപരി ലൈലതുൽ ഖദ്ർ എന്ന അപൂർവ സൗഭാഗ്യത്തിലൂടെ സ്വർഗ പ്രവേശനത്തിന്റെ പ്രതീക്ഷകൾ വാനോളം ഉയർത്തുന്നു. ആയതിനാൽ റമദാനിൽ ജീവിക്കുക എന്നത് ദൈവദാസന്റെ വല്ലാത്തൊരു താൽപര്യമായിത്തീരുന്നു. പൂർവികരിലെ മഹത്തുക്കൾ മാസങ്ങളോളം റമദാനിലേക്ക് ആയുസ്സിനെ എത്തിക്കാൻ വേണ്ടിയും ശേഷമുള്ള മാസങ്ങളിൽ, ഉപയോഗപ്പെടുത്തിയ റമദാനിനെ വീഴ്ചകൾ പൊറുത്ത് പരിപൂർണമായി സ്വീകരിക്കാൻ വേണ്ടിയും പ്രാർഥിച്ചുകൊണ്ടിരുന്നത് അതിനാലാണ്.

ഇത്രമേൽ മഹത്തായ റമദാനിലേക്ക് ഒരുങ്ങാനുള്ള മാസമാണ് ശഅ്ബാൻ. റമദാനിനൊരു മുഖവുര പോലെയാണ് ശഅ്ബാൻ. ആകാംക്ഷയോടെയും പ്രതീക്ഷയോടെയും പരീക്ഷക്ക് തയാറെടുപ്പ് നടത്തുന്ന വിദ്യാർഥിയെയും കൃഷിയിറക്കും മുമ്പ് നിലമുഴുത് പാകപ്പെടുത്തുന്ന കർഷകനെയും പോലെ വിശ്വാസികൾക്ക് റമദാനിലേക്കുള്ള പ്രാർഥനയുടെയും മുന്നൊരുക്കത്തിന്റെയും കാലമാണ് ശഅ്ബാൻ.

ഇസ്‌ലാമിക കലണ്ടറിലെ എട്ടാമത്തെ മാസമാണ് ശഅ്ബാൻ. മനുഷ്യരുടെ കർമങ്ങൾ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടുന്നത് ഈ മാസത്തിലാണ്. അതുകൊണ്ടുതന്നെ റമളാൻ കഴിഞ്ഞാൽ നബി(സ്വ) ഏറ്റവും കൂടുതൽ നോമ്പനുഷ്ഠിച്ചിരുന്നത് ശഅ്ബാൻ മാസത്തിലാണ്.

ഉസാമതുബ്നു സൈദ്(റ) പറഞ്ഞു: "ഞാൻ (നബി(സ്വ)യോട്) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, (റമദാൻ കഴിഞ്ഞാൽ പിന്നെ) ശഅ്ബാൻ മാസത്തിൽ അങ്ങ് വ്രതമനുഷ്ഠിക്കുന്നത് പോലെ മറ്റൊരു മാസത്തിലും അത്രയും വ്രതമെടുക്കുന്നത് ഞാൻ കണ്ടിട്ടില്ലല്ലോ!' അപ്പോൾ നബി(സ്വ) പറഞ്ഞു: 'റജബിനും റമദാനിനും ഇടയിൽ ആളുകൾ (പരിഗണിക്കാതെ) അശ്രദ്ധരായി വിടുന്ന ഒരു മാസമാണത്. അതാകട്ടെ അല്ലാഹുവിന്റെ പക്കലേക്ക് കർമങ്ങൾ ഉയർത്തപ്പെടുന്ന ഒരു മാസമാണ്. അതുകൊണ്ട് ഞാൻ നോമ്പുകാരനായിരിക്കെ എന്റെ കർമങ്ങൾ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു" (നസാഈ: 2357, അൽബാനി ഹദീസിനെ ഹസനെന്ന് വിശേഷിപ്പിച്ചു).

പ്രത്യേക പ്രാധാന്യമുള്ള രണ്ടു മാസങ്ങൾക്കിടയിൽ വരുന്ന ഒരു മാസമാണ് ശഅ്ബാൻ. അഥവാ യുദ്ധം നിഷിദ്ധമാക്കപ്പെട്ട (പവിത്ര) മാസമായ റജബിനും ഖുർആൻ അവതരിച്ച മാസമായ റമദാനിനും ഇടയിലുള്ള മാസം. 'ജനങ്ങൾ അതിനെക്കുറിച്ച് അശ്രദ്ധയിലാണ്' എന്ന പരാമർശം അതാണ് സൂചിപ്പിക്കുന്നത്.

ഉമ്മുൽ മുഅ്മിനീൻ ആഇശ(റ)യിൽനിന്ന് നിവേദനം; അവർ പറഞ്ഞു: "നബി(സ്വ) ചിലപ്പോൾ തുടർച്ചയായി നോമ്പ് നോൽക്കാറുണ്ടായിരുന്നു. എത്രത്തോളമെന്നാൽ ഇനി അദ്ദേഹം ഒരിക്കലും നോമ്പ് ഒഴിവാക്കില്ല എന്ന് ഞങ്ങൾ പറയുമായിരുന്നു. അതുപോലെ അദ്ദേഹം നോമ്പ് നോൽക്കാതിരിക്കാറുള്ള കാലവും ഉണ്ടായിരുന്നു. എത്രത്തോളമെന്നാൽ ഇനി അദ്ദേഹം നോമ്പ് അനുഷ്ഠിക്കില്ല എന്ന് ഞങ്ങൾ പറയുമാറ് അത് തുടരുമായിരുന്നു. റമദാനിലല്ലാതെ മറ്റൊരു മാസത്തിലും അല്ലാഹുവിന്റെ റസൂൽ പരിപൂർണമായി നോമ്പെടുത്തത് ഞാൻ കണ്ടിട്ടേയില്ല. അതുപോലെ (അതു കഴിഞ്ഞാൽ പിന്നെ) ശഅ്ബാൻ മാസത്തെക്കാൾ കൂടുതൽ മറ്റൊരു മാസത്തിലും അദ്ദേഹം നോമ്പെടുക്കുന്നതായി ഞാൻ കണ്ടിട്ടില്ല" (മുസ്‌ലിം).

ശഅ്ബാൻ മാസത്തിൽ വളരെ കുറഞ്ഞ ദിവസങ്ങൾ മാത്രമെ നബി(സ്വ) നോമ്പ് ഒഴിവാക്കാറുണ്ടാ യിരുന്നുള്ളൂ. ജനങ്ങൾ ഒരു നന്മയെ കുറിച്ച് അശ്രദ്ധയിലായിരിക്കെ ആ കാര്യം ചെയ്യുക എന്നത് നല്ല കാര്യമാണ്. മറ്റൊന്ന് മനുഷ്യരുടെ പ്രവർത്തനങ്ങൾ വർഷത്തിൽ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നത് ശഅ്ബാനിലാണ്. അത് എന്താണെന്ന് നമുക്കറിയില്ല. പ്രവർത്തനങ്ങൾ ഉയർത്തപ്പെടുന്ന ദിനങ്ങളിൽ നോമ്പുകാരനാവുക എന്നതു നല്ല കാര്യമാണല്ലോ.

"അടിമകളുടെ അമലുകൾ എല്ലാ ദിനത്തിലും അല്ലാഹുവിന് മുന്നിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. ആഴ്ചയിലേത് തിങ്കളും വ്യാഴവുമാണ്. വർഷത്തിലേത് ശഅ്ബാനിലും! ഓരോന്നിനു ശേഷം ഓരോന്ന്. ഓരോന്നിനും ചില യുക്തികളുമുണ്ട്...."

ഇബ്നു ഉസൈമീൻ(റഹി) പറഞ്ഞു: "പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്: 'നിർബന്ധ നമസ്കാരങ്ങളുമായി ബന്ധപ്പെട്ട റവാതിബ് സുന്നത്ത് നമസ്കാരങ്ങൾ പോലെയാണ് ശഅ്ബാനിലെ സുന്നത്തായ നോമ്പുകൾ. റമദാൻ മാസത്തിനുള്ള മുന്നൊരുക്കമാണത്. അതുകൊണ്ടുതന്നെ റമദാനിന് മുമ്പുള്ള ശഅ്ബാനിലെ നോമ്പും ശേഷമുള്ള ശവ്വാലിലെ ആറു നോമ്പും ഫർദ് നമസ്കാരങ്ങൾക്ക് മുമ്പും ശേഷവുമുള്ള സുന്നത്ത് നിസ്കാരങ്ങളെ പോലെയാണ്" (ഫതാവാ അർകാനിൽ ഇസ്‌ലാം: 491).

### ശഅ്ബാനിൽ എല്ലാ ദിവസവും നോമ്പ് നോൽക്കാമോ?

ആഇശ(റ)യിൽ നിന്നും നിവേദനം; അവർ പറഞ്ഞു: "ശഅ്ബാൻ മാസത്തെക്കാൾ ധാരാളമായി മറ്റൊരു മാസത്തിലും നബി(സ്വ) നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നില്ല. അവിടുന്ന് ശഅ്ബാൻ മുഴുവനായും നോമ്പനുഷ്ഠിച്ചിരുന്നു'' (ബുഖാരി:1970).

ഉമ്മു സലമ(റ)യിൽനിന്നും നിവേദനം; അവർ പറഞ്ഞു: "നബി(സ്വ) റമദാനും ശഅ്ബാനും പരസ്പരം ചേർത്ത് നോമ്പ് പിടിക്കാറുണ്ടായിരുന്നു എന്നതൊഴിച്ചാൽ, രണ്ട് മാസങ്ങൾ തുടർച്ചയായി അദ്ദേഹം നോമ്പെടുക്കുന്നത് ഞാൻ കണ്ടിട്ടില്ല" (അഹ്മദ്: 26022, അബൂദാവൂദ്: 2336, നസാഈ: 2175).

ഇമാം ഇബ്നു റജബ് അൽഹംബലി(റഹി) പറഞ്ഞു: "ശഅ്ബാൻ റമദാനിനൊരു മുഖവുര പോലെയാണ്' എന്നതുകൊണ്ട് റമദാനിൽ ശറആക്കപ്പെടുന്ന (നിയമമാക്കപ്പെട്ട) നോമ്പ്, ക്വുർആൻ പാരായണം തുടങ്ങിയ ഇബാദത്തുകൾ ശഅ്ബാനിലും ശറആക്കപ്പെട്ടിരിക്കുന്നു. റമദാനിനെ വരവേൽക്കാനായുള്ള തയ്യാറെടുപ്പിനും മനസ്സുകൾ ആ ഇബാദത്തുകളാൽ റഹ്മാനായ റബ്ബിലേക്ക് സർവാത്മനാ കീഴൊതുങ്ങാനും വേണ്ടിയാണത്" (ലത്വാഇഫുൽ മആരിഫ്:135).

### ശഅ്ബാൻ പതിനഞ്ചിന് വല്ല പ്രത്യേകതയുമുണ്ടോ?

ശഅ്ബാൻ പതിനഞ്ചിലെ രാത്രിയിൽ അല്ലാഹു അവന്റെ അടിമകൾക്ക് പാപമോചനം നൽകുന്നതാണ്.

മുആദ് ബ്ൻ ജബലി(റ)ൽനിന്നും നിവേദനം; നബി(സ്വ) പറഞ്ഞു: "ശഅ്ബാൻ പതിനഞ്ചിന്റെ രാവിൽ അല്ലാഹു തന്റെ സൃഷ്ടികളിലേക്ക് നോക്കുകയും മുശ്‌രിക്കിനും മുശാഹിനും ഒഴികെയുള്ള സകല സൃഷ്ടികൾക്കും അവൻ പൊറുത്ത് കൊടുക്കുകയും ചെയ്യും" (ത്വബ്‌റാനി: 20/108, ഇബ്നു ഹിബ്ബാൻ: 12/481).

ശഅ്ബാൻ പതിനഞ്ചിന്റെ രാവിൽ അല്ലാഹു (മുശ്‌രിക്കോ, പകയോ വിദ്വേഷമോ വെച്ച് പുലർത്തുന്നവനോ അല്ലാത്ത) തന്റെ സൃഷ്ടികൾക്ക് പൊറുത്ത് കൊടുക്കുമെന്നുള്ളത് ശരിയാണ്. എന്നാൽ ഈ ദിവസം എന്തെങ്കിലും ആരാധനയോ ആഘോഷങ്ങളോ നടത്താൻ മതത്തിൽ നിർദേശമില്ല. കാരണം നബി(സ്വ)യിൽനിന്നോ നബിയിൽനിന്ന് ദീൻ നേരിട്ട് പഠിച്ച സ്വഹാബികളിൽനിന്നോ അതിന് യാതൊരു മാതൃകയുമില്ല.

ശൈഖ് ഇബ്നുറജബ്(റഹി): "ശഅ്ബാൻ പതിനഞ്ച് പുണ്യദിനമായി കരുതലും അന്ന് പ്രത്യേകം ആഘോഷങ്ങൾ സംഘടിപ്പിക്കലും ബിദ്അത്ത് (അനാചാരം) ആകുന്നു. ഇത് സംബന്ധമായി വന്നിട്ടുള്ള തായ എല്ലാ ഹദീസുകളും ദുർബലമായതാണ്, അവയിൽ ചിലതാകട്ടെ വ്യാജനിർമിതവുമാണ്."

ഇമാം നവവി(റഹി)യുടെ ഗുരുവര്യനായ ശൈഖ് ശിഹാബുദ്ദീൻ അബൂ ശാമ(റഹി) പറയുന്നു: "നമ്മുടെ പണ്ഡിതൻമാരിൽ ഒരാളുംതന്നെ ശഅ്ബാൻ പതിനഞ്ചാംരാവിന് പ്രത്യേകതയുള്ളതായി കാണുകയോ പ്രസ്തുത ദിവസത്തെ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായോ നമ്മുടെ ശ്രദ്ധയിൽപെട്ടിട്ടില്ല. അബൂമുലൈക എന്ന പണ്ഡിതനോട് സിയാദ് ഇബ്നു നുമൈർ, ശഅ്ബാൻ 15ന്റെ മഹത്ത്വം ലൈലത്തുൽ ക്വദ്ർ പോലെ പ്രതിഫലാർഹമാണെന്ന് പറയുന്നുണ്ടല്ലോ' എന്ന് ശ്രദ്ധയിൽ പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാ

രമാണ്: ‘അങ്ങനെ പറയുന്നത് ഞാൻ കേൾക്കുകയും അന്നേരം എന്റെ കയ്യിൽ ഒരു വടിയുമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും നാം അവനെ അടിക്കുമായിരുന്നു. നബി(സ്വ)യിൽനിന്നും പ്രസ്തുത ദിവസത്തിൽ പ്രത്യേകമായി ഒരു തരത്തിലുള്ള നമസ്കാരവും നിർവഹിക്കാൻ നിർദേശിക്കുന്ന യാതൊരു ഹദീസും സ്ഥിരപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള ഒരു സമ്പ്രദായം ആദ്യമായി സമൂഹത്തിൽ കടന്നുകൂടിയത് ബർമക്കികളുടെ കാലഘട്ടത്തിലാണ്. അവർ ഭക്ഷണ വിഭവങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മതത്തിൽ പലതും കടത്തിക്കൂട്ടിയവരാണ്. ശഅ്ബാൻ മാസത്തിന്ന് ശ്രേഷ്ഠതയുള്ളതായി അലി(റ)യിൽനിന്നും ആഇശ(റ)യിൽനിന്നും അബൂമൂസ(റ)യിൽ നിന്നും ഇബ്നുമാജ(റഹി) തന്റെ ഗ്രന്ഥത്തിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഹദീസുകളും ദുർബലമായ പരമ്പരകളിലൂടെ മാത്രം ഉദ്ധരിക്കപ്പെടുന്നവയാണ്” (ശിഹാബുദ്ദീൻ അബൂശാമ: അൽബാഇസ് അലാ ഇൻകാരിൽ ബിദഇ വൽഹവാദിസി).

**ശഅ്ബാൻ പതിനഞ്ചിന്റെ രാവിലെ നമസ്കാരം**

“അല്ലയോ അലീ, ആരെങ്കിലും ശഅ്ബാനിന്റെ പതിനഞ്ചാം രാവിൽ ആയിരം قُلْ هُوَ اللَّهُ أَحَدٌ ഓതി നൂറ് റക്അത്ത് നമസ്കരിച്ചാൽ ആ രാത്രിയിൽ അവൻ മൂന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളും അല്ലാഹു അവന് നിറവേറ്റി നൽകും.”

ഇമാം ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: “ഇത് മൗദൂആണ് (കെട്ടിയുണ്ടാക്കിയത്)” (അൽമനാറുൽ മുനീഫ് 78).

ചിലയാളുകൾ അനുഷ്ഠിക്കുന്ന ശഅ്ബാൻ പതിനഞ്ചിന്റെ രാവിലെ ‘സ്വലാത്തുൽ അൽഫിയ’ എന്ന നമസ്കാരം യാതൊരു പ്രമാണവുമില്ലാത്ത മറ്റൊരു ബിദ്അത്താണ്. ശഅ്ബാൻ പതിനഞ്ചിന് നൂറ് റക്അത്ത് നമസ്കരിക്കുകയും അതിൽ ഓരോ റക്അത്തിലും 10 തവണ വീതം സൂറത്തുൽ ഇഖ്ലാസ് പാരായണം ചെയ്യുകയും ചെയ്യുന്ന പ്രത്യേക നമസ്കാരമാണ് അത്. അതിനെക്കുറിച്ച് ഇമാം നവവി(റഹി) പറയുന്നു: “സ്വലാത്തുർറഗാഇബ് എന്നറിയപ്പെടുന്ന (ആഗ്രഹസഫലീകരണ) നമസ്കാരം, അതായത് റജബ് മാസത്തിലെ ആദ്യത്തെ ജുമുഅ ദിവസം മഗ്രിബിനും ഇശാഇനും ഇടയിൽ നമസ്കരിക്കുന്ന പന്ത്രണ്ട് റക്അത്ത് നമസ്കാരം, അതുപോലെ ശഅ്ബാൻ പതിനഞ്ചിന് നമസ്കരിക്കുന്ന നൂറ് റക്അത്ത് നമസ്കാരം ഇവ രണ്ടും ബിദ്അത്താണ്. അവ അങ്ങേയറ്റം വലിയ തിന്മയും മ്ലേച്ഛവുമാണ്. ‘ക്വൂതുൽ ക്വുലൂബ്’ എന്ന ഗ്രന്ഥത്തിലോ, ‘ഇഹ്യാ ഉലൂമുദ്ദീൻ’ എന്ന ഗ്രന്ഥത്തിലോ അവ പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്നതിനാലോ, അതുമായി ബന്ധപ്പെട്ട ഹദീസ് കണ്ടോ ആരുംതന്നെ വഞ്ചിതരാവേണ്ടതില്ല. അവയെല്ലാം തന്നെ ബാത്വിലാണ്. അതുപോലെ അതിന്റെ മതവിധി വ്യക്തമല്ലാത്തതിനാൽ അത് പുണ്യകരമാണ് എന്ന നിലയ്ക്ക് കൃതിയെഴുതിയ ഇമാമീങ്ങളുടെ വാക്കുകൾ കണ്ടും ആരും വഞ്ചിതരാകേണ്ട. കാരണം അവർക്ക് ആ വിഷയത്തിൽ തെറ്റുപറ്റിയിരിക്കുന്നു. ശൈഖ് ഇമാം അബൂ മുഹമ്മദ് അബ്ദുറഹ്മാൻ ഇബ്നു ഇസ്മാഈൽ അൽമക്ദിസി ആ രണ്ട് നമസ്കാരങ്ങളും (ബിദ്അത്തും) വ്യാജവുമാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് വളരെ വിലപ്പെട്ട ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. വളരെ നല്ല രൂപത്തിൽ വസ്തുനിഷ്ഠമായി അദ്ദേഹം ആ രചന നിർവഹിച്ചിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ” (അൽ മജ്മൂഅ്: 3/548).

ഈ നമസ്കാരത്തെ കുറിച്ച് അബൂശാമ(റഹി) പറയുന്നത് കാണുക: “ഇതെല്ലാം പിശാച് അവർക്ക്അലങ്കാരമായി കാണിച്ചുകൊടുക്കുകയും അവർ അത് മുസ്ലിംകളുടെ അടിസ്ഥാന ആരാധനകളുടെ ഭാഗമെന്ന നിലക്ക് നിർവഹിച്ച് പോരുകയും ചെയ്യുന്നു” (അൽബാഇസ് അലാ ഇൻകാരിൽ ബിദഇ വൽ ഹവാദിസ്: 124).

ശഅ്ബാൻ മാസത്തിന്റെ അവസാനത്തിൽ റമദാന് ഒന്നോ രണ്ടോ ദിവസം മുമ്പായി നോമ്പ് നോൽക്കരുതെന്നും കൽപനയുണ്ട്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “നിങ്ങളാരും തന്നെ റമദാനിന്റെ ഒന്നോ രണ്ടോ ദിവസങ്ങൾ മുമ്പ് നോമ്പെടുക്കരുത്. സ്ഥിരമായി അന്നേദിവസം (സുന്നത്ത്) നോമ്പ് പിടിക്കുന്നവനാണെങ്കിലോ അവന് ആ ദിവസം നോമ്പനുഷ്ഠിക്കാം” (ബുഖാരി:1914)

ചുരുക്കത്തിൽ ഒരാൾ കർമങ്ങൾ വർധിപ്പിക്കാനും വർധിച്ച പ്രതിഫലം ലഭിക്കാനും ആഗ്രഹിക്കുന്നെങ്കിൽ അയാൾ ശഅ്ബാൻ ഭൂരിഭാഗവും നോമ്പ് പിടിച്ചുകൊള്ളട്ടെ. അതാണ് അല്ലാഹുവിന്റെ റസൂലിന്റെ ചര്യ. അതിന് സാധിക്കില്ലെങ്കിൽ അയാൾ എല്ലാ തിങ്കളും വ്യാഴവും അയ്യാമുൽ ബീദിലും (13, 14, 15 ദിനങ്ങൾ) നോമ്പ് നോൽക്കട്ടെ. അതും നബി(സ്വ) പഠിപ്പിച്ച സുന്നത്താണ്.

**താൽക്കാലിക മനഃസുഖത്തിനും ഇടക്കാല നീതിക്കും മാത്രമല്ല റീച്ചിനും ലൈക്കിനും വേണ്ടി വരെ അപരവിദ്വേഷം ആഘോഷിക്കുന്ന തരത്തിലേക്ക് സോഷ്യൽ മീഡിയാ വിചാരണകൾ വഴിമാറിയിരിക്കുന്നു. കുറ്റാരോപിതനിൽ നിന്ന് കുറ്റവാളിയിലേക്കുള്ള യാത്രയിലെ അവധാനത 'വിരൽത്തുമ്പ് നീതി'യിലൂടെ മറികടക്കാമെന്ന് ചിന്തിക്കുന്നത് ഡിജിറ്റൽ വ്യാമോഹങ്ങൾ മാത്രമാണ്.**




# സോഷ്യൽ മീഡിയാ വിചാരണകൾ; ഒരു വിശകലനം

മുഫീദ് പാലക്കാഴി
: 9207520344

വിവരവിനിമയത്തിന്റെ അതിവേഗ വളർച്ച സാമൂഹിക ഇടപെടലുകളെ വിപ്ലവകരമായി മാറ്റിമറിച്ചിരിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഒരു സമാന്തര നീതിന്യായ വ്യവസ്ഥയായി പരിണമിച്ചു എന്നതാണ്. 'സോഷ്യൽ മീഡിയാ വിചാരണകൾ' (Social Media Trials) എന്ന് വിളിക്കപ്പെടുന്ന ഈ പ്രവണത, വസ്തുതകൾ പരിശോധിക്കാതെയും സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെയും വ്യക്തികളെ കുറ്റക്കാരായി മുദ്രകുത്തുന്ന ഒരു സംസ്കാരത്തിന് തുടക്കമിട്ടിരിക്കുന്നു. പ്രത്യേകിച്ച് ലൈംഗികാരോപണങ്ങൾ പോലുള്ള അതീവ ഗൗരവകരമായ വിഷയങ്ങളിലെ സോഷ്യൽ

മീഡിയ വിചാരണകൾ വ്യക്തികളുടെ അന്തസ്സിനും ജീവിക്കാനുള്ള അവകാശത്തിനും മേൽ കടുത്ത ആഘാതമാണ് ഏൽപിക്കുന്നത്. ഡിജിറ്റൽ ലോകത്തെ ആൾക്കൂട്ട ആക്രമണങ്ങളും വ്യാജ ആരോപണങ്ങളും കേവലം വ്യക്തിപരമായ പ്രശ്നങ്ങൾ എന്നതിലുപരി, സമൂഹത്തിന്റെ ധാർമികാടിത്തറയെയും നിയമസംഹിതകളുടെ വിശ്വാസ്യതയെയും വെല്ലുവിളിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

### സോഷ്യൽ മീഡിയാ വിചാരണകളുടെ ഘടനയും പരിണാമവും

സോഷ്യൽ മീഡിയാ വിചാരണ എന്നത് ഒരു വ്യക്തിയെക്കുറിച്ചോ സംഭവത്തെക്കുറിച്ചോ ഉള്ള പൊതുജനാഭിപ്രായം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയയാണ്. ഇത് പലപ്പോഴും കോടതിവിധികൾക്ക് മുൻപേ നടക്കുകയും കുറ്റാരോപിതനെ കുറ്റവാളിയായി ചിത്രീകരിക്കുകയും ചെയ്യുന്നു. പാരമ്പര്യ മാധ്യമങ്ങളായ പത്രങ്ങളും ടെലിവിഷൻ ചാനലുകളും വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പാലിക്കേണ്ട എഡിറ്റോറിയൽ ജാഗ്രതയോ നിയമപരമായ നിയന്ത്രണങ്ങളോ സോഷ്യൽ മീഡിയയിൽ പലപ്പോഴും പാലിക്കപ്പെടുന്നില്ല. 24 മണിക്കൂർ വാർത്താ ചാനലുകളുടെയും സോഷ്യൽ മീഡിയ നെറ്റ്വർക്കുകളുടെയും ആവിർഭാവം ഇത്തരം വിചാരണകളുടെ തീവ്രത വർധിപ്പിച്ചിരിക്കുന്നു.

ഇന്റർനെറ്റിൽ വിവരങ്ങൾ പ്രചരിക്കുന്ന രീതി 'വിരൽത്തുമ്പിലെ നീതി' (Justice at fingertips) എന്ന മിഥ്യാധാരണ സൃഷ്ടിക്കുന്നു. ഒരു ആരോപണത്തിന്റെ പോസ്റ്റ് ചെയ്യപ്പെട്ടാൽ, നിമിഷങ്ങൾക്കുള്ളിൽ അത് വൈറലാകുകയും ആയിരക്കണക്കിന് ആളുകൾ അതിന്മേൽ വിധി പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ, കുറ്റാരോപിതനായ വ്യക്തിക്ക് തന്റെ ഭാഗം വ്യക്തമാക്കാനോ നിരപരാധിത്വം തെളിയിക്കാനോ ഉള്ള അവസരം ലഭിക്കുന്നില്ല. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന 'കുറ്റം തെളിയുന്നതുവരെ ഒരാൾ നിരപരാധിയാണ്' (Presumption of Innocence) എന്ന മൗലിക തത്ത്വം ഇവിടെ നേരിട്ട് ലംഘിക്കപ്പെടുന്നു.

### വ്യക്തിപരമായ ആഘാതങ്ങൾ

സോഷ്യൽ മീഡിയാ വിചാരണകൾ വ്യക്തികളുടെ ജീവിതത്തെ എങ്ങനെ തകർക്കുന്നു എന്നതിന് കേരളത്തിൽ നിന്നുള്ള ചില സംഭവങ്ങൾ ഉദാഹരണമായി എടുക്കാം.

### ദീപക്കിന്റെ മരണം: ഒരു സൈബർ ട്രാജഡി

കോഴിക്കോട് ഗോവിന്ദപുരം സ്വദേശിയായ 41 വയസ്സുകാരൻ ദീപകിനെ തന്റെ വീട്ടിൽ മരിച്ച നിലയിൽ കാണപ്പെട്ടത് ഒരു സോഷ്യൽ മീഡിയ വീഡിയോയുടെ പ്രചാരണത്തിന് പിന്നാലെയാണ്. പയ്യന്നൂരിലേക്കുള്ള ബസ് യാത്രയ്ക്കിടെ ഒരു സ്ത്രീയോട് മോശമായി പെരുമാറി എന്നാരോപിച്ച് അവർ പകർത്തിയ 18 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോയാണ് ദീപക്കിന്റെ ജീവിതം മാറ്റിയത്. ഈ വീഡിയോ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിക്കുകയും പൊതുജനങ്ങൾ അയാളെ ക്രൂരമായി വിചാരണ ചെയ്യുകയും ചെയ്തു. ദീപക് നിരപരാധിയാണെന്ന് സുഹൃത്തുക്കളോട് അവകാശപ്പെടുകയും നിയമനടപടിക്ക് തയ്യാറെടുക്കുകയും ചെയ്തിരുന്നുവെങ്കിലും, സൈബർ ലോകത്തുണ്ടായ അപമാനം അയാളെ മാനസികമായി തകർത്തു കളഞ്ഞു. ഒരു വീഡിയോയുടെ ഭാഗം മാത്രം കണ്ട് ഒരാളെ മുഴുവനായി വിധിക്കുന്നതിലൂടെയുണ്ടാകുന്ന മാനുഷിക ദുരന്തമാണിത്.

### അനന്തു അജിന്റെ ആത്മഹത്യയും രാഷ്ട്രീയ വിവാദങ്ങളും

26 വയസ്സുകാരനായ സോഫ്റ്റ്വെയർ എഞ്ചിനീയർ അനന്തു അജിന്റെ ആത്മഹത്യയും അതിനോടനുബന്ധിച്ചുണ്ടായ സൈബർ വിചാരണകളും മറ്റൊരു ഉദാഹരണമാണ്. തന്റെ മരണത്തിന് മുൻപായി ഇൻസ്റ്റാഗ്രാമിൽ ഷെഡ്യൂൾ ചെയ്ത ഒരു കുറിപ്പിൽ, ചെറുപ്പകാലത്ത് താൻ അനുഭവിച്ച ലൈംഗിക ചൂഷണത്തെക്കുറിച്ച് അനന്തു വെളിപ്പെടുത്തിയിരുന്നു. ഈ ആരോപണങ്ങൾ പിന്നീട് വലിയ രാഷ്ട്രീയ ചർച്ചകളിലേക്ക് നയിച്ചു. കോൺഗ്രസ് ഇതിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടപ്പോൾ, ആരോപണവിധേയരായ സംഘടനകൾ ഇത് കെട്ടിച്ചമച്ചതാണെന്ന് വാദിച്ചു. ഒരു വ്യ

ക്തിയുടെ മരണശേഷവും സോഷ്യൽ മീഡിയയിൽ തുടരുന്ന ഇത്തരം വിചാരണകൾ നീതി നിർവഹണത്തെ സങ്കീർണമാക്കുന്നു.

## വ്യാജ ലൈംഗികാരോപണങ്ങൾ

ലൈംഗികാരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ സമൂഹം സ്വാഭാവികമായും ഇരയ്ക്കൊപ്പമാണ് നിൽക്കുന്നത്. എന്നാൽ ഈ സാഹചര്യം ചിലപ്പോഴെങ്കിലും വ്യക്തിപരമായ വൈരാഗ്യം തീർക്കാനോ മറ്റ് ലക്ഷ്യങ്ങൾക്കോ വേണ്ടി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. വ്യാജ ലൈംഗികാരോപണങ്ങൾ വ്യക്തികളുടെ ജീവിതം എന്നെന്നേക്കുമായി തകർക്കുന്നതിനോടൊപ്പം യഥാർഥ ഇരകളുടെ വിശ്വാസ്യതയെയും ബാധിക്കുന്നു.

## ലേബലിംഗും സാമൂഹിക ബഹിഷ്കരണവും

ഒരിക്കൽ ഒരു വ്യക്തിക്ക് മേൽ 'ലൈംഗിക കുറ്റവാളി' എന്ന മുദ്ര പതിഞ്ഞു കഴിഞ്ഞാൽ, അത് മായ്ച്ചു കളയുക പ്രയാസകരമാണ്. ജസ്‌ലീൻ കൗർ കേസിൽ സർവജിത് സിംഗ് നേരിട്ട അനുഭവം ഇതിന് തെളിവാണ്. കേവലം ഒരു സോഷ്യൽ മീഡിയ പോസ്റ്റിന്റെ അടിസ്ഥാനത്തിൽ അയാളെ 'നാഷണൽ പെർവേർട്ട്' എന്നും 'ഡൽഹിയുടെ കൊള്ളക്കാരൻ' എന്നും മാധ്യമങ്ങൾ വിളിച്ചു. നാല് വർഷത്തിന് ശേഷം അയാൾ നിരപരാധിയാണെന്ന് കോടതി കണ്ടെത്തിയെങ്കിലും, അയാളുടെ യൗവനവും ജോലി സാധ്യതകളും ആ കാലയളവിനുള്ളിൽ നഷ്ടപ്പെട്ടിരുന്നു. ഇത്തരം സംഭവങ്ങൾ വ്യക്തികളിൽ 'സെക്കന്ററി വിക്ടിമൈസേഷൻ'

**ലൈംഗികാരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ സമൂഹം സ്വാഭാവികമായും ഇരയ്ക്കൊപ്പമാണ് നിൽക്കുന്നത്. എന്നാൽ ഈ സാഹചര്യം ചിലപ്പോഴെങ്കിലും വ്യക്തിപരമായ വൈരാഗ്യം തീർക്കാനോ മറ്റ് ലക്ഷ്യങ്ങൾക്കോ വേണ്ടി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. വ്യാജ ലൈംഗികാരോപണങ്ങൾ വ്യക്തികളുടെ ജീവിതം എന്നെന്നേക്കുമായി തകർക്കുന്നതിനോടൊപ്പം യഥാർഥ ഇരകളുടെ വിശ്വാസ്യതയെയും ബാധിക്കുന്നു.**

അഥവാ നിയമപരമായ പ്രക്രിയയിലൂടെയോ സാമൂഹിക ഇടപെടലുകളിലൂടെയോ വീണ്ടും ഇരയാക്കപ്പെടുന്ന അവസ്ഥ സൃഷ്ടിക്കുന്നു.

സെക്ഷ്വൽ അസൾട്ട് കേസുകളിൽ വ്യാജ പരാതികളുടെ ശതമാനം 2% മുതൽ 10% വരെയാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഈ ശതമാനം കുറവാണെങ്കിലും, അത്തരം കേസുകൾക്ക് ലഭിക്കുന്ന അമിതമായ മാധ്യമ ശ്രദ്ധ സമൂഹത്തിൽ വലിയ തോതിലുള്ള മുൻവിധികൾ സൃഷ്ടിക്കാൻ കാരണമാകുന്നു.

## നിയമപരമായ വെല്ലുവിളികൾ

ഇന്ത്യയിൽ സോഷ്യൽ മീഡിയാ വിചാരണകൾ ഭരണഘടനാപരമായ വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഒരു വശത്ത് 19(1)(a) അനുച്ഛേദം ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യവും മാധ്യമ സ്വാതന്ത്ര്യവുമുണ്ട്. മറുവശത്ത് 21-ാം അനുച്ഛേദം ജീവിക്കാനുള്ള അവകാശവും അന്തസ്സും നിഷ്പക്ഷമായ വിചാരണയ്ക്കുള്ള അവകാശവും ഉറപ്പു നൽകുന്നു.

## സമാന്തര നീതിയും കോടതികളും

കോടതിയിലിരിക്കുന്ന വിഷയങ്ങളിൽ (Sub judice) മാധ്യമങ്ങൾ സമാന്തര വിചാരണ നടത്തുന്നത് നീതിനിർവഹണത്തെ ബാധിക്കുമെന്ന് സുപ്രീം കോടതി പലപ്പോഴും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നീലേഷ് നവലാഖ്-യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ബോംബെ ഹൈക്കോടതി, മാധ്യമങ്ങൾ പാലിക്കേണ്ട ധാർമികമായ അതിർവരമ്പുകൾ വ്യക്തമാക്കിയിട്ടുണ്ട്. പോലീസിനോട് നടത്തുന്ന കുറ്റസമ്മതങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതും സാക്ഷികളെ അഭിമുഖം ചെയ്യുന്നതും നിഷ്പക്ഷമായ വിചാരണയെ തടസ്സപ്പെടുത്തുന്നു. കുറ്റാരോപിതനെ കുറ്റവാളിയായി ചിത്രീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്.

**നിലവിലുള്ള നിയമങ്ങൾ**

ഇന്ത്യയിൽ സോഷ്യൽ മീഡിയാ വിചാരണകൾക്കെതിരെ നേരിട്ടുള്ള നിയമങ്ങൾ കുറവാണെങ്കിലും ചില നിയമങ്ങൾ ഇതിനായി ഉപയോഗിക്കപ്പെടുന്നുണ്ട്:

ഭാരതീയ ന്യായ സംഹിത (BNS): സെക്ഷൻ 356 പ്രകാരം മാനനഷ്ടത്തിനും സെക്ഷൻ 77 പ്രകാരം നീതിനിർയഹണത്തെ തടസ്സപ്പെടുത്തുന്നതിനും കേസെടുക്കാം.

ഐ.ടി ആക്റ്റ് 2000: വ്യക്തിയുടെ സ്വകാര്യത ലംഘിക്കുന്ന തരത്തിലുള്ള ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നത് ഈ നിയമപ്രകാരം കുറ്റകരമാണ്.

കണ്ടെംപ്റ്റ് ഓഫ് കോർട്ട് ആക്റ്റ് 1971: കോടതിയുടെ അന്തസ്സിനെ ബാധിക്കുന്നതോ വിചാരണയെ സ്വാധീനിക്കുന്നതോ ആയ വാർത്തകൾ നൽകുന്നത് ക്രിമിനൽ കണ്ടെംപ്റ്റ് ആയി കണക്കാക്കാം.

എങ്കിലും, ഡിജിറ്റൽ ലോകത്തെ വിവരങ്ങൾ അതിർത്തികളില്ലാതെ പ്രചരിക്കുന്നതിനാൽ ഇത്തരം നിയമങ്ങൾ നടപ്പിലാക്കുന്നത് പ്രായോഗികമായി പ്രയാസകരമാണ്.

**എ.ഐയും ഡീപ്ഫേക്കുകളും**

സോഷ്യൽ മീഡിയാ വിചാരണകളെ കൂടുതൽ മാരകമാക്കുന്ന ഒന്നാണ് ഡീപ്ഫേക്ക് (Deepfake) സാങ്കേതികവിദ്യ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് ഒരാളുടെ മുഖം മറ്റൊരു വീഡിയോയിൽ കൂട്ടിച്ചേർക്കാൻ സാധിക്കും. ഇത് ഉപയോഗിച്ച് നിർമിക്കുന്ന വ്യാജ ലൈംഗിക വീഡിയോകൾ വ്യക്തികൾക്ക് വലിയ ആഘാതമുണ്ടാക്കുന്നു.

**ഡീപ്ഫേക്കിന്റെ മനഃശാസ്ത്രം**

വ്യാജമാണെന്ന് അറിഞ്ഞാൽ പോലും ഇത്തരം




വീഡിയോകൾ കാണുമ്പോൾ മനുഷ്യന്റെ തലച്ചോറിൽ വൈകാരികമായ പ്രതികരണങ്ങൾ ഉണ്ടാകുന്നു. ഇതിനെ 'റെക്കൽസിട്രന്റ് ഇമോഷൻസ്' (Recalcitrant Emotions) എന്ന് വിളിക്കുന്നു. വീഡിയോയുടെ യഥാർഥ്യം മനസ്സിലാക്കിയാലും അത് സൃഷ്ടിക്കുന്ന ദൃശ്യാനുഭവം വ്യക്തികളെ വിദ്വേഷത്തിലേക്കോ അപമാനത്തിലേക്കോ നയിക്കുന്നു. ഇത് ഇരയാക്കപ്പെടുന്ന വ്യക്തിയിൽ യഥാർഥ ലൈംഗിക അതിക്രമത്തിന് സമാനമായ മാനസിക ട്രോമ ഉണ്ടാക്കുന്നുവെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.

വീഡിയോകളിൽ വരുത്തുന്ന ലളിതമായ മാറ്റങ്ങളെ 'ഷാലോഫേക്കുകൾ' (Shallowfakes) എന്ന് വിളിക്കുന്നു. ഉദാഹരണത്തിന്, ഒരു വീഡിയോയുടെ വേഗത കുറയ്ക്കുന്നതിലൂടെയോ സന്ദർഭത്തിൽ നിന്ന് മാറ്റുന്നതിലൂടെയോ ഒരാൾ ലഹരിക്ക് അടിമയാണെന്നോ മോശമായി പെരുമാറുന്നെന്നോ വരുത്തിത്തീർക്കാൻ സാധിക്കും.

ഈ സാങ്കേതികവിദ്യകൾ വരുംകാലത്ത് നീതിന്യായ വ്യവസ്ഥയ്ക്ക് വലിയ വെല്ലുവിളിയാകും. വീഡിയോ തെളിവുകളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടാൻ ഇത് കാരണമാകുന്നു.

**ആൾക്കൂട്ട നീതിയുടെ പിന്നിലെ മനഃശാസ്ത്രം**

എന്തുകൊണ്ടാണ് സാധാരണക്കാരായ മനുഷ്യർ സോഷ്യൽ മീഡിയാ വിചാരണകളിൽ ഒരു ആൾക്കൂട്ടത്തിന്റെ ഭാഗമായി മാറുന്നത്? ഇതിന് പിന്നിൽ ഗൗരവകരമായ ചില മനഃശാസ്ത്ര ഘടകങ്ങളുണ്ട്.

*ഡിജിറ്റൽ വിജിലൻറിസം (Online Vigilantism):* സ്വയം നീതി നടപ്പിലാക്കാൻ ശ്രമിക്കുന്ന വ്യക്തിത്വങ്ങളെ 'വിജിലന്റി ഐഡന്റിറ്റി' (Vigilante Identity) എന്ന് വിളിക്കുന്നു. ഔദ്യോഗിക സംവിധാനങ്ങൾ നീതി നടപ്പിലാക്കുന്നില്ല എന്ന തോന്നലാണ് ഇത്തരം വ്യക്തികളെ സ്വയം ശിക്ഷ നടപ്പിലാക്കാൻ പ്രേരിപ്പിക്കുന്നത്. ഇവർ തങ്ങൾ ചെയ്യുന്നത് സമൂഹത്തിന് നല്ലതാണെന്ന് വിശ്വസിക്കുകയും അതിലൂടെ ഒരു ധാർമിക ഔന്നത്യം (Moral Superiority) അനുഭവിക്കുകയും ചെയ്യുന്നു.

*കോഗ്നിറ്റീവ് ബയാസുകൾ (Cognitive Biases):* മനുഷ്യന്റെ തലച്ചോറ് വിവരങ്ങൾ പ്രോസസ്സ് ചെയ്യുമ്പോൾ ഉപയോഗിക്കുന്ന കുറുക്കുവഴികൾ പലപ്പോഴും പിഴവുകളിലേക്ക് നയിക്കുന്നു:

*കൺഫർമേഷൻ ബയാസ് (Confirmation Bias):* തന്റെ മുൻവിധികളെ ശരിവെക്കുന്ന വാർത്തകൾ മാത്രം വിശ്വസിക്കാനുള്ള പ്രവണത.

*സോഷ്യൽ കൺഫോർമിറ്റി (Social Conformity):* ഒരു ഗ്രൂപ്പിലെ ഭൂരിഭാഗം പേരും ഒരു വ്യക്തിയെ കുറ്റക്കാരനായി കണ്ടാൽ, ബാക്കിയുള്ളവരും അതേ നിലപാട് സ്വീകരിക്കുന്നു.

*നെഗറ്റിവിറ്റി ബയാസ് (Negativity Bias):* പോസിറ്റീവ് വാർത്തകളെക്കാൾ വേഗത്തിൽ നെഗറ്റീവ് വാർത്തകൾ മനുഷ്യശ്രദ്ധ ആകർഷിക്കുന്നു. ഇത് വിദ്വേഷ പ്രചാരണങ്ങൾക്ക് വേഗത കൂട്ടുന്നു.

സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ഇത്തരം ബലഹീനതകളെ ചൂഷണം ചെയ്യുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ദേഷ്യം, പേടി

**ദീപക്കിന്റെയും അനന്തുവിന്റെയും സംഭവങ്ങൾ നമുക്ക് നൽകുന്ന വലിയ പാഠം, വികാരങ്ങൾക്ക് മുമ്പിൽ വിവേകത്തിന് സ്ഥാനം നൽകണം എന്നതാണ്. നിയമത്തെ നിയമത്തിന്റെ വഴിക്ക് പോകാൻ അനുവദിക്കുക എന്നതാണ് ഒരു ജനാധിപത്യ സമൂഹത്തിന്റെ ലക്ഷണം. സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം ഡിജിറ്റൽ സാക്ഷരതയും നിയമപരമായ ജാഗ്രതയും ധാർമികതയും പുലർത്തിയാൽ മാത്രമേ വ്യക്തികളുടെ അന്തസ്സും സമൂഹത്തിന്റെ നീതിയും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ.**

തുടങ്ങിയ വൈകാരികമായ ഉള്ളടക്കങ്ങൾക്ക് പ്ലാറ്റ്ഫോമുകൾ കൂടുതൽ പ്രചാരം നൽകുന്നു.

### ഇൻഫ്ളുവൻസർമാരുടെ ഉത്തരവാദിത്തവും നിയന്ത്രണങ്ങളും

സോഷ്യൽ മീഡിയയിൽ വലിയ അനുയായികളുള്ള ഇൻഫ്ളുവൻസർമാർ ഇത്തരം വിചാരണകളിൽ ഒരു ഇന്ധനമായി പ്രവർത്തിക്കാറുണ്ട്. പലപ്പോഴും റീച്ചിനും ലൈക്കിനും വേണ്ടി വസ്തുതകൾ പരിശോധിക്കാതെ അവർ വാർത്തകൾ പങ്കുവെക്കുന്നു. ഇത് വ്യാജ ആരോപണങ്ങൾ അതിവേഗം പടരാൻ കാരണമാകുന്നു.

ഇന്ത്യയിൽ ഇൻഫ്ളുവൻസർമാർക്കായി അഡ്വർടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യ (ASCI) പുറത്തിറക്കിയ മാർഗനിർദേശങ്ങൾ പ്രധാനമായും പരസ്യങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും, സാമൂഹികമായ ഉത്തരവാദിത്തത്തെക്കുറിച്ചും ഇത് സൂചിപ്പിക്കുന്നുണ്ട്. 2025ലെ പുതിയ നിയമങ്ങൾ അനുസരിച്ച് ഇൻഫ്ളുവൻസർമാർക്ക് തങ്ങളുടെ ഉള്ളടക്കത്തിന്മേൽ വലിയ ബാധ്യതയുണ്ട്. വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാണ്.

### ആഗോളതലത്തിലെ നിയമനിർമാണങ്ങൾ

സോഷ്യൽ മീഡിയാ വിചാരണകളും ഓൺലൈൻ വിദ്വേഷവും തടയാൻ ലോകമെമ്പാടും പുതിയ നിയമങ്ങൾ വരികയാണ്. ഇന്ത്യയ്ക്ക് മാതൃകയാക്കാവുന്ന ചില നിയമങ്ങളാണിവ:

*യൂറോപ്യൻ യൂണിയൻ (Digital Services Act - DSA):* വ്യാജ വിവരങ്ങളും നിയമവിരുദ്ധമായ ഉള്ളടക്കങ്ങളും നീക്കം ചെയ്യാൻ പ്ലാറ്റ്ഫോമുകൾക്ക് മേൽ കടുത്ത ഉത്തരവാദിത്തം ഈ നിയമം നൽകുന്നു. ലംഘനം നടത്തിയാൽ ആഗോള വിറ്റുവരവിന്റെ 6% വരെ പിഴ ഈടാക്കാം.

*യുണൈറ്റഡ് കിംഗ്ഡം (Online Safety Act - OSA):* സ്ത്രീകളെയും കുട്ടികളെയും അപമാനിക്കുന്ന ഉള്ളടക്കങ്ങൾ നീക്കം ചെയ്യാൻ ഇത് സോഷ്യൽ മീഡിയ കമ്പനികളെ ബാധ്യസ്ഥരാക്കുന്നു. അല്ലാത്ത പക്ഷം മാനേജ്മെന്റിന് ജയിൽശിക്ഷ വരെ ലഭിക്കാം.

ഓസ്ട്രേലിയ: ഇ-സേഫ്റ്റി കമ്മീഷണർക്ക് ഹാനികരമായ ഉള്ളടക്കങ്ങൾ നീക്കം ചെയ്യാൻ ഉത്തരവിടാനുള്ള അധികാരമുണ്ട്.

### ഡിജിറ്റൽ സാക്ഷരതയുടെ അനിവാര്യത

നിയമങ്ങൾകൊണ്ട് മാത്രം സോഷ്യൽ മീഡിയാ വിചാരണകൾ അവസാനിപ്പിക്കാൻ കഴിയില്ല. അതിന് വ്യക്തിപരമായ ജാഗ്രതയും ഡിജിറ്റൽ സാക്ഷരതയും അത്യാവശ്യമാണ്.

ഒരു വീഡിയോയോ ആരോപണമോ കാണുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

*സ്രോതസ്സ് പരിശോധിക്കുക (Read Upstream):* ഈ വീഡിയോ ആദ്യം പോസ്റ്റ് ചെയ്തത് ആരാണ്? അവർക്ക് വ്യക്തിപരമായ അജണ്ടകളുണ്ടോ?

വിഷ്വൽ ക്ലൂകൾ ശ്രദ്ധിക്കുക: എ.ഐ നിർമിത വീഡിയോകളിൽ ചുണ്ടിന്റെ ചലനവും ശബ്ദവും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകാം. ഇത് ശ്രദ്ധിക്കുക.

*ഒന്നിലധികം സ്രോതസ്സുകൾ ഉപയോഗിക്കുക:* പ്രമുഖ മാധ്യമങ്ങൾ ഈ വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുക.

പെട്ടെന്ന് പ്രതികരിക്കാതിരിക്കുക: വൈകാരികമായ ഒരു പോസ്റ്റ് കാണുമ്പോൾ അത് ഷെയർ ചെയ്യുന്നതിന് മുമ്പ് ഒന്ന് ചിന്തിക്കുക. നിങ്ങളുടെ ഒരു ഷെയർ ഒരാളുടെ ജീവിതം തകർക്കാൻ കാരണമായേക്കാം.

സ്കൂളുകളിലും കോളേജുകളിലും ഡിജിറ്റൽ ലിറ്ററസി പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടത് അനിവാര്യമാണ്. ഇതിലൂടെ വരുംതലമുറയെ ക്രിട്ടിക്കൽ തിങ്കിംഗിലേക്ക് നയിക്കാൻ സാധിക്കും.

### ഇസ്‌ലാമിക നിലപാട്

ഒരു മുസ്‌ലിം ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്രഷ്ടാവിന്റെ നിയമനിർദേശങ്ങൾ പാലിക്കുവാൻ കടപ്പെട്ടവനാണ്. വാക്കിലും നോക്കിലും പ്രവൃത്തിയിലും എഴുത്തിലുമെല്ലാം ധാർമികത കാത്തുസൂക്ഷിക്കേണ്ടതുണ്ട്. സോഷ്യൽ മീഡിയയിൽ ഇടപെടുമ്പോഴും അവന്റെ മുന്നിൽ ചില വിധിവിലക്കുകളുണ്ട്. മറ്റുള്ളവരുടെ അഭിമാനത്തിന് ക്ഷതമേൽപിക്കുന്നതും അപകീർത്തിപ്പെടുത്തുന്നതും പരിഹസിക്കുന്നതുമെല്ലാം ഇസ്‌ലാമിൽ വലിയ അപരാധമാണ്. ലൈംഗികാരോപണം നടത്തുന്നത് കൊടിയ പാപമാണ്.

ഇസ്‌ലാമിക നിയമത്തിന്റെ ദൃഷ്ടിയിൽ ഒരു വ്യക്തിയുടെ അഭിമാനത്തിന്റെ മാനദണ്ഡം അയാളുടെ സാമൂഹ്യപദവിയോ സാമ്പത്തിക സ്ഥിതിയോ അല്ല. ഏതൊരു വ്യക്തിയുടെയും അഭിമാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അത് പിച്ചിച്ചീന്തുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ചെറിയവനും വലിയവനും ഉള്ളവനും ഇല്ലാത്തവനുമൊക്കെ തന്റെ മാനം നഷ്ടപ്പെടുന്നത് ചിന്തിക്കുവാൻ പോലും കഴിയാത്തവരാണ്. എന്നാൽ ഇതരരെ അവഹേളിക്കുവാനും അപമാനിക്കുവാനും പരിഹസിക്കുവാനും ആധുനിക ജനതക്ക് വല്ലാത്തൊരു ഭ്രമമാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ അത് എളുപ്പം നിർവഹിക്കാൻ സാധിക്കുകയും ചെയ്യുന്നു.

ഏതെങ്കിലും വ്യക്തിയെക്കുറിച്ച് മോശമായ വല്ല വാർത്തയും കേട്ടാൽ, സാമൂഹ്യമാധ്യമങ്ങളിലൂടെ അറിഞ്ഞാൽ ഉടനെത്തന്നെ രൂക്ഷമായി പ്രതികരിക്കുകയും ഷെയർ ചെയ്യുകയും ചെയ്യുകൂടാ. നിജസ്ഥിതി മനസ്സിലാക്കാതെ അത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചാൽ പിന്നെ ഖേദിക്കേണ്ടിവരും. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തു വരുത്തുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി” (ക്വുർആൻ 49:6).

സോഷ്യൽ മീഡിയാ വിചാരണകളും വ്യാജ ലൈംഗികാരോപണങ്ങളും നമ്മുടെ സമൂഹത്തിന് മുന്നിൽ വലിയൊരു വെല്ലുവിളിയാണ് ഉയർത്തുന്നത്. ഒരു സ്മാർട്ട്ഫോണും ഇന്റർനെറ്റ് കണക്ഷനുമുള്ള ആർക്കും മറ്റൊരാളെ വിചാരണ ചെയ്യാൻ സാധിക്കുന്ന അവസ്ഥ നീതിന്യായ വ്യവസ്ഥയെ തകർക്കും. ഡിജിറ്റൽ ആൾക്കൂട്ടങ്ങൾ നൽകുന്ന ശിക്ഷ പലപ്പോഴും മരണത്തെക്കാൾ ഭയാനകമാണ്. ദീപക്കിന്റെയും അനന്തുവിന്റെയും സംഭവങ്ങൾ നമുക്ക് നൽകുന്ന വലിയ പാഠം, വികാരങ്ങൾക്ക് മുമ്പിൽ വിവേകത്തിന് സ്ഥാനം നൽകണം എന്നതാണ്. നിയമത്തെ നിയമത്തിന്റെ വഴിക്ക് പോകാൻ അനുവദിക്കുക എന്നതാണ് ഒരു ജനാധിപത്യ സമൂഹത്തിന്റെ ലക്ഷണം. സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം ഡിജിറ്റൽ സാക്ഷരതയും നിയമപരമായ ജാഗ്രതയും ധാർമികതയും പുലർത്തിയാൽ മാത്രമെ വ്യക്തികളുടെ അന്തസ്സും സമൂഹത്തിന്റെ നീതിയും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. ■



# അഭിപ്രായം പറയാൻ മടിക്കരുത്

സലാം സുറുമ എടത്തനാട്ടുകര
: 9447364751

“ഇതിലെ മസാല പഴകിയതാണ്”-ഭക്ഷണം വായിൽ വെച്ച ഉടനെ മകൾ പറഞ്ഞു. വിളമ്പിയ വസ്തു നന്നായി പഴകിയതാണെന്നും പുളിച്ചു തുടങ്ങിയിട്ടുണ്ടെന്നും എല്ലാവർക്കും ബോധ്യപ്പെട്ടു. വെയിറ്ററെ വിളിച്ച് രുചിച്ച് നോക്കാൻ ആവശ്യപ്പെട്ടു. കഴിക്കുന്നതിന് പകരം സ്പൂണിൽ മസാല എടുത്ത് മണത്തു നോക്കിയ അദ്ദേഹത്തിന്റെ നെറ്റി ചുളിഞ്ഞു. മട്ടൺ ചാപ്സിന്റെ പാത്രവുമെടുത്ത് അദ്ദേഹം അടുക്കളയിലേക്കോടി. മിനുട്ടുകൾക്കുള്ളിൽ ഹോട്ടൽ മാനേജർ നേരിട്ട് വന്നു. തെറ്റ് ഏറ്റു പറഞ്ഞ്, ഞങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിൽ ക്ഷമാപണം നടത്തി. ദയയായി കുറച്ച് സമയം കാത്തിരിക്കണമെന്നും പുതിയ ഡിഷ് ഉടനെ വിളമ്പാം എന്നും അറിയിച്ചു.

കുടുംബസമേതമുള്ള ഒരു യാത്രക്കിടയിൽ, പേരുകേട്ട ഒരു വലിയ ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ കയറിയപ്പോഴാണ് ഈ അനുഭവം ഉണ്ടായത്. സുഹൃത്തിന് പാർട്ടണർഷിപ്പുള്ള ഈ ഹോട്ടലിൽ മുൻപും ശേഷവും പല തവണ കയറിയിട്ടുണ്ടെങ്കിലും ആദ്യമായാണ് ഈ ദുരനുഭവം.

പാർട്ട്ണറായ സുഹൃത്ത് ഇന്ന് ഹോട്ടലിൽ വന്നിട്ടുണ്ടോ എന്ന ചോദ്യം കേട്ടതോടെ സ്റ്റാഫ് കൂടുതൽ പരിഭ്രാന്തരായി. ഒരു ജൂനിയർ ഷെഫിന് പറ്റിയ അബദ്ധമാണെന്നും സംഗതി ഉടമയെയും ആരോഗ്യ വകുപ്പിനെയും അറി

**ഒരു ഉപഭോക്താവ് എന്ന നിലയിൽ നല്ല ഭക്ഷണം നമ്മുടെ അവകാശമാണ്. കേടുവന്ന ഭക്ഷണമാണ് കിട്ടിയതെങ്കിൽ തന്മയത്വത്തോടെ അവരോടു പറയണം. ധിക്കാരപരമായ പ്രതികരണമാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കാൻ ആരും മടി കാണിക്കരുത്. നമ്മുടെ പരാതി ശേഷം വരുന്നവർക്കെങ്കിലും നല്ല ഭക്ഷണം ലഭിക്കാൻ കാരണമാകും. ഭക്ഷണത്തിന്റെയും വൃത്തിയുടെയും കാര്യത്തിൽ നടത്തിപ്പുകാർ കൂടുതൽ ശ്രദ്ധാലുക്കളുമാകും.**

യിക്കരുതെന്നും അവർ അഭ്യർഥിച്ചു. കൊച്ചുകുട്ടികൾ അടക്കമുള്ളവർ ഇത് കഴിച്ചാൽ ഉണ്ടാകുന്ന പ്രയാസങ്ങൾക്ക് ആര് ഉത്തരവാദിത്തമേൽക്കും എന്ന ചോദ്യത്തിന് ദയനീയമായ നോട്ടം മാത്രമായിരുന്നു മറുപടി.

കാൽ മണിക്കൂറിനുള്ളിൽ ആവിപറക്കുന്ന പുതിയ മട്ടൺ ചാപ്സ് എത്തി. മാനേജർ തന്നെ സെർവ് ചെയ്തു. അവസാനം ബില്ല് വന്നു. അതിൽ മട്ടൺ ചാപ്സ് ഉൾപെടുത്തിയിട്ടില്ല. നിർബന്ധിച്ച് അത് കൂടി ചേർപ്പിച്ചു. ബില്ലടച്ച് ഇറങ്ങുമ്പൊൾ മാനേജർ വീണ്ടും പ്രത്യക്ഷപ്പെട്ടു. നല്ല തിരക്കുള്ള ഈ സമയത്ത് യാതൊരു കോലാഹലവുമില്ലാതെ പരാതി അവരെ അറിയിച്ചതിന് നന്ദി പറഞ്ഞു. ഷെഫിനെതിരെ നടപടി എടുത്തതായും അറിയിച്ചു. ഇനിയും വരണേ എന്ന അഭ്യർഥനയോടെ വാതിൽവരെ അദ്ദേഹം ഞങ്ങളെ അനുഗമിച്ചു.

വർഷങ്ങൾക്കു മുമ്പ് സുഹൃത്തിന്റെ കൂടെ ബീഫും പൊറോട്ടയും കഴിക്കാൻ ഒരു ചെറിയ ഹോട്ടലിൽ കയറിയപ്പോൾ ഉണ്ടായ അനുഭവവും മറന്നിട്ടില്ല. പുതിയതും പഴയതുമായ പൊറോട്ട ഇടകലർത്തിയാണ് ഞങ്ങൾക്ക് വിളമ്പിയത്. വായിൽ വെച്ചപ്പഴേ പഴകിയ മണം കിട്ടി. ക്യാഷിലിരിക്കുന്ന ഉടമയെ വിവരം അറിയിച്ചു. അദ്ദേഹം എഴുന്നേറ്റു വന്ന് ഭക്ഷണം പരിശോധിച്ചു. അടുക്കളയിൽ പോയി പാചകക്കാരനെ ചീത്ത പറയുന്നത് ഞങ്ങൾ സീറ്റിൽ ഇരുന്ന് കേട്ടു. അദ്ദേഹം തന്നെ പുതിയ ഭക്ഷണം വിളമ്പിത്തന്നു. പിന്നീട് ചെല്ലുമ്പോഴെല്ലാം ഉടമതന്നെ ഞങ്ങൾക്ക് വിളമ്പിത്തരാൻ ശ്രദ്ധിച്ചിരുന്നു.

മറ്റൊരിക്കൽ, വനിതകൾ നടത്തുന്ന ഹോട്ടലിൽ ഉച്ച ഭക്ഷണത്തിന് കയറി. സ്പെഷ്യലായി മീൻ വറുത്തത് എടുത്തു. മത്സ്യത്തിന്റെ അകത്തെ കറുത്ത അവശിഷ്ടങ്ങൾ മുഴുവൻ നീക്കം ചെയ്തിട്ടില്ല. കാര്യം ഉടമയുടെ ശ്രദ്ധയിൽപ്പെടുത്തിയതും അദ്ദേഹം അത് എടുത്ത് കൊണ്ടുപോയി അടുക്കളയിലെ ജോലിക്കാരെ കാണിച്ചു. മേലാൽ ഇത് ആവർത്തിക്കരുതെന്നും ആരോഗ്യ വകുപ്പുകാരെ ഇവിടേക്ക് വരുത്താൻ ഇടയാക്കരുത് എന്നും വഴക്ക് പറയുന്നത് കേട്ടു.

പരാതികൾ മാത്രമല്ല, നല്ല ഭക്ഷണമാണ് വിളമ്പിയതെങ്കിൽ അതും സന്തോഷത്തോടെ പറയാൻ ശ്രദ്ധിക്കാറുണ്ട്. പണം അടച്ച് ഇറങ്ങുമ്പോൾ പോസിറ്റീവ് ആയി പറയുന്ന കമന്റുകൾക്കും നിർദേശങ്ങൾക്കും നിറഞ്ഞ ചിരി സമ്മാനമായി ലഭിക്കും. ഇനിയും വരണമെന്നും സുഹൃത്തുക്കളോടും മറ്റും സ്ഥാപനത്തെ പരിചയപ്പെടുത്തണമെന്നും അവർ സ്നേഹത്തോടെ മൊഴിയാറുണ്ട്.

ഭക്ഷണശാലകൾ ആവശ്യപ്പെടുന്ന തുക കൊടുത്താണ് നമ്മൾ ആഹാരം കഴിക്കുന്നത്. ഒരു ഉപഭോക്താവ് എന്ന നിലയിൽ നല്ല ഭക്ഷണം നമ്മുടെ അവകാശമാണ്. കേടുവന്ന ഭക്ഷണമാണ് കിട്ടിയതെങ്കിൽ തന്മയത്വത്തോടെ അവരോടു പറയണം. ധിക്കാരപരമായ പ്രതികരണമാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കാൻ ആരും മടി കാണിക്കരുത്. നമ്മുടെ പരാതി ശേഷം വരുന്നവർക്കെങ്കിലും നല്ല ഭക്ഷണം ലഭിക്കാൻ കാരണമാകും. ഭക്ഷണത്തിന്റെയും വൃത്തിയുടെയും കാര്യത്തിൽ നടത്തിപ്പുകാർ കൂടുതൽ ശ്രദ്ധാലുക്കളുമാകും.

കച്ചവടത്തിൽ കൃത്രിമവും വഞ്ചനയും കാണിക്കൽ ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്. ഏതു രംഗത്തും ഒരു മുസ്‌ലിം സത്യസന്ധത പാലിക്കണം. സാമ്പത്തിക ലാഭത്തിനായി നടത്തുന്ന ചതി ചിലപ്പോഴെങ്കിലും ഭക്ഷ്യവിഷബാധക്കും മരണത്തിനും കാരണമാകാറുണ്ട്. അത് ഇഹലോകത്തും പരലോകത്തും ശിക്ഷിക്കപ്പെടാൻ കാരണമാകുമെന്ന് തിരിച്ചറിയണം. ■



ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം 5

# ആധുനിക ഖവാരിജുകൾ

മുഹമ്മദ് അമീൻ

**ഭരണാധികാരികളെ കാഫിറാക്കുന്നതിൽ മാത്രം ഇവർ നിർത്തിയില്ല. ഭരണകൂടത്തെ സഹായിക്കുന്നവരെല്ലാം കാഫിറുകളാണെന്ന് അവർ വിധിയെഴുതി. മന്ത്രിമാർ മാത്രമല്ല; സൈന്യം, പോലീസ്, എന്തിന് ഭരണാധികാരികൾക്ക് വേണ്ടി പ്രാർഥിക്കുന്ന പള്ളിയിലെ ഇമാമുമാർ പോലും ഇവരുടെ ദൃഷ്ടിയിൽ കാഫിറുകളായ 'ശത്രുപക്ഷ'മാണ്.**

ഈ കാലഘട്ടത്തിലെയും എക്കാലത്തെയും വലിയൊരു പ്രതിസന്ധിയാണ് ഖവാരിജുകൾ. അവരുടെ കക്ഷികൾ പലതായി പിരിഞ്ഞിരിക്കുന്നു, പേരുകൾ വൈവിധ്യമാർന്നതാണ്. സഖ്യകക്ഷികൾ പെരുകിക്കൊണ്ടിരിക്കുന്നു. എങ്കിലും അവരെയെല്ലാം ഒന്നിപ്പിക്കുന്നത് മതത്തിലുള്ള അതിരുകവിച്ചിലും മുസ്‌ലിംകളുടെ ശക്തി തകർക്കുവാനുള്ള അത്യാഗ്രഹവുമാണ്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഇക്കൂട്ടരിൽ നിന്ന് ഏൽക്കേണ്ടി വന്ന നാശനഷ്ടങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളിൽ നിന്ന് പോലും ഉണ്ടായിട്ടില്ല എന്നത് ചരിത്രസത്യമാണ്. ആരാണ് ഇവർ? എന്താണ് ഇവരുടെ വിശ്വാസങ്ങൾ? എവിടെനിന്നാണ് ഇവരുടെ ചിന്തകൾ ഉത്ഭവിക്കുന്നത്? എന്താണ് ഇവരുടെ ലക്ഷ്യങ്ങൾ? ഈ ചോദ്യങ്ങൾക്കുള്ള പണ്ഡിതോചിതമായ അന്വേഷണമാണ് ഇനി നാം നടത്തുന്നത്.

ഈ പരിശുദ്ധ ദീനിന്റെ നിലനിൽപ്പ് രണ്ടു കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. ഒന്ന്, നാം മതം സ്വീകരിക്കുന്ന പ്രമാണങ്ങളുടെ (ക്വുർആനും സുന്നത്തും) സുരക്ഷിതത്വം. രണ്ട്, ആ പ്രമാണങ്ങളിൽ നിന്ന് വിധിവിലക്കുകൾ നിർണയിക്കുന്ന രീതിശാസ്ത്രത്തിന്റെ (മൻഹജിന്റെ) കൃത്യത. ഇവയിൽ രണ്ടിലോ ഏതെങ്കിലും ഒന്നിലോ പിഴവ് സംഭവിച്ചാൽ കാര്യങ്ങൾ തകിടം മറിയുകയും ഇഹത്തിലും പരത്തിലും സ്തുത്യർഹമല്ലാത്ത ഫലങ്ങൾ ഉണ്ടാവുകയും ചെയ്യും. അങ്ങനെ സുന്നത്ത് ബിദ്അത്തായും, ബിദ്അത്ത് സുന്നത്തായും, ശിർക്ക് തൗഹീദായും, തൗഹീദ് ശിർക്കായും, സത്യം അസത്യമായും, അസത്യം സത്യമായും മാറും. ഈ പിൽക്കാല ഘട്ടങ്ങളിൽ ഇസ്‌ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വലിയ കുഴപ്പങ്ങൾ തലപൊക്കുകയുണ്ടായി. വിശ്വാസികളുടെ ഹൃദയങ്ങളെ പിടിച്ചുലച്ച ഖവാരിജീ ചിന്താഗതികളുടെ ഉദയം അതിൽ പ്രധാനമാണ്. അമീറുൽ മുഅ്മിനീൻ ഉസ്മാൻ ഇബ്നു അഫ്ഫാൻ(റ) വധിക്കപ്പെട്ടത് മുതൽ ഇന്നുവരെ മുസ്‌ലിം ഉമ്മത്തിന് നേരിടേണ്ടി വന്ന ഏറ്റവും വലിയ പരീക്ഷണങ്ങ ളിലൊന്നാണിത്.

ഓരോ കാലഘട്ടത്തിലും ഈ വിഭാഗം തലപൊക്കാറുണ്ട്. മുസ്‌ലിം യുവാക്കളിൽ ഈ ചിന്താഗതി പടർന്നുപിടിക്കുന്നത് തടയാനും ഈ മാർഗത്തിലേക്ക് പോയവരെ തിരുത്താനും പണ്ഡിതന്മാർ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. പ്രായം കുറഞ്ഞവരും ബുദ്ധിക്ക് പക്വതയില്ലാത്തവരുമായ ഒരുകൂട്ടം ആളുകളാണ് ഈ മാർഗത്തിൽ സഞ്ചരിക്കുന്നത്. അവർ വലിയ സ്ഫോടകവസ്തുക്കൾ ചുമന്നുകൊണ്ടും ശരീരത്തിൽ ബോംബുകൾ വെച്ചുകെട്ടിയും അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള പാപങ്ങളിൽ ഒന്നായ ആത്മഹത്യ ചെയ്യുന്നു. ഇതിനെ അവർ 'രക്തസാക്ഷിത്വ ഓപ്പറേഷനുകൾ' എന്ന് വിളിക്കുന്നു. അതിനെക്കാൾ ഗൗരവകരമായ മറ്റൊരു പാപം, അവർ 'അഹ്‌ലുൽ കിബ്‌ല'യുടെ (മുസ്‌ലിംകളുടെ) രക്തം ചിന്തുന്നു എന്നതാണ്. തങ്ങളുടെ ഈ ക്രൂരകൃത്യങ്ങൾ സ്വർഗത്തിലേക്കുള്ള ഏറ്റവും അടുത്ത വഴിയാണെന്ന് തെറ്റിദ്ധരിപ്പിക്കപ്പെട്ടവരാണിവർ. സ്ഫോടനത്തിന് തൊട്ടുമുമ്പ് 'നാഥാ, നീ തൃപ്തിപ്പെടാൻ ഞാൻ ഇതാ നിന്നിലേക്ക് ധൃതിപ്പെട്ട് വരുന്നു' എന്ന് പറയുന്നവരും, കൂട്ടാളികളോട് 'കഅ്ബയുടെ രക്ഷിതാവാണെ സത്യം, ഞാൻ വിജയിച്ചു' എന്ന് വിളിച്ചുപറയുന്നവരും, 'സ്വർഗം! സ്വർഗം!' എന്ന് ആക്രോശിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്.



തുടക്കത്തിൽ, അറേബ്യൻ ഉപദ്വീപിൽനിന്ന് ബഹുദൈവാരാധകരെ പുറത്താക്കുക എന്നതായിരുന്നു ഇവരുടെ വാദം. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്ത ഒരു ഹദീസ് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടായിരുന്നു അവർ ഇത് പ്രചരിപ്പിച്ചത്. എന്നാൽ വൈകാതെ അവരുടെ തനിനിറം പുറത്താവുകയും ഖവാരിജീ മതം അതിന്റെ കോമ്പല്ലുകൾ കാട്ടുകയും ചെയ്തു. കരാറിലേർപ്പെട്ട അമുസ്‌ലിംകളുടെയും (മുസ്തഅ്മിൻ), മുസ്‌ലിംകളുടെയും രക്തം അവർ ഒഴുക്കി. രിയാദിലെ ഒലയ (Olaya) സ്ഫോടനത്തിന് ശേഷം ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ(റഹി) തന്റെ ജുമുഅ ഖുതുബയിൽ മുന്നറിയിപ്പ് നൽകിയത് എത്ര സത്യമായിത്തീർന്നു! 'ഇന്ന് അവർ സംരക്ഷിതരായ അമുസ്‌ലിംകളെ കൊല്ലുന്നു, നാളെ അവർ മുസ്‌ലിംകളെ കൊല്ലും' എന്നായിരുന്നു ശൈഖിന്റെ വാക്കുകൾ. രിയാദിലെ എമർജൻസി ഫോഴ്സ് കെട്ടിടത്തിലും പബ്ലിക് സെക്യൂരിറ്റി ആസ്ഥാനത്തും നടന്ന ആക്രമണങ്ങൾ ഇത് ശരിവെച്ചു. ഒരു പതിറ്റാണ്ടിനുശേഷം, അബ്കെയ്ക്കിലുള്ള, ലോകത്തിലെ തന്നെ ഏറ്റവും വലിയ എണ്ണശുദ്ധീകരണ ശാലകൾ തകർക്കാൻ അവർ ശ്രമിച്ചു. അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് ആ ശ്രമം പരാജയപ്പെട്ടു. ആ ആക്രമണത്തിന് പിന്നിലെ ലക്ഷ്യം രാജ്യത്ത് അരാജകത്വം

സൃഷ്ടിച്ച്, എണ്ണപ്പാടങ്ങൾ സംരക്ഷിക്കാനെന്ന വ്യാജേന അമേരിക്കയ്ക്ക് ഇവിടേക്ക് കടന്നുവരാൻ അവസരമൊരുക്കുക എന്നതായിരുന്നു എന്ന് പിന്നീട് പിടിക്കപ്പെട്ടവർ കുറ്റസമ്മതം നടത്തുകയുണ്ടായി. 'ബഹുദൈവാരാധകരെ പുറത്താക്കുക' എന്ന മുദ്രാവാക്യവുമായി വന്നവർ, ഒടുവിൽ 'ബഹുദൈവാരാധകരെ ക്ഷണിച്ചുവരുത്തുന്നവരായി' മാറി.

അഫ്ഗാനിസ്ഥാനിലും മറ്റു മുസ്‌ലിം രാജ്യങ്ങളിലും ഉണ്ടായ രക്തച്ചൊരിച്ചിലുകൾക്ക് ഉത്തരവാദികൾ ആധുനിക കാലത്തെ ഈ ഖവാരിജുകളാണ്. ശത്രുക്കൾക്ക് കടന്നുവരാൻ ഇവർ അവസരമൊരുക്കി. സ്ത്രീകളെയും കുട്ടികളെയും കൊല്ലുന്നത് അനുവദനീയമാണെന്ന് വാദിക്കുന്ന ഫത്‌വകൾ വരെ ഇവരിൽ നിന്ന് പുറത്തുവന്നു. അൾജീരിയയിൽ പോലീസുകാരുടെ കുടുംബങ്ങളെ വധിക്കാൻ അബൂ ഖതാദ എന്നയാൾ ഫത്‌വ നൽകി. സുഡാനിലെ 'അൽ-ഥൗറ' പള്ളിയിൽ ജുമുഅ നമസ്കാരത്തിനിടെ കടന്നുകയറി നാല് ഖവാരിജുകൾ വിശ്വാസികളെ വെടിവെച്ചുകൊന്ന സംഭവം ഇതിന്റെ ഭീകരമായ ഉദാഹരണമാണ്. തക്ഫീരിന്റെയും സ്ഫോടനത്തിന്റെയും പാഠശാലകളിൽ വളർന്നവരായിരുന്നു അവർ.

ഇസ്‌ലാമിക ലോകത്ത് അധികാരം ലഭിച്ചാൽ എന്ത് ചെയ്യുമെന്ന് ഇവരുടെ നേതാക്കൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അബൂ ഖതാദ എന്നയാൾ തന്റെ 'രണ്ട് മാർഗങ്ങൾക്കിടയിൽ' (ബയ്ന മൻഹജയ്നി) എന്ന ലേഖന പരമ്പരയിൽ പറയുന്നു: "ഞങ്ങൾ അധികാരത്തിലെത്തിയാൽ എതിർക്കുന്നവരുടെ തല കൊയ്യും. ഞങ്ങളുടെ വായു ശ്വസിക്കാൻ പോലും അവരെ അനുവദിക്കില്ല. ഞങ്ങളുമായി സംവദിക്കാൻ വരുന്നവരുമായി പുഞ്ചിരിച്ചുകൊണ്ടുള്ള ചർച്ചയ്ക്കൊന്നും ഞങ്ങൾ തയ്യാറല്ല." അബൂബക്കർ നാജി എന്നയാൾ തന്റെ 'ഇദാറതുത്തവഹ്ഹുശ്' എന്ന പുസ്തകത്തിൽ, ബനൂ ഖുറൈളയോട് ചെയ്തതുപോലെയുള്ള കടുത്ത നടപടികൾ മുസ്‌ലിംകളോട് സ്വീകരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. അധികാരം കിട്ടുന്നതിന് മുമ്പ് 'നികായ' (ശത്രുവിന് നാശനഷ്ടം വരുത്തുക), അധികാരം കിട്ടിയാൽ 'തംകീൻ' (അധികാരമുറപ്പിക്കുക) എന്നതാണ് അവരുടെ രീതി. "അധികാരം കിട്ടിയാൽ ഞങ്ങൾ ജനങ്ങളോട് 'നിങ്ങൾ സ്വതന്ത്രരാണ്' എന്ന് പറഞ്ഞ് നീതി കാണിക്കും. പക്ഷേ, ഇപ്പോൾ രക്തച്ചൊരിച്ചിലിന്റെ സമയമാണ്" എന്നാണ് അയാൾ എഴുതിവെച്ചത്. മുസ്‌ലിംകളെ 'മുർതദ്ദുകൾ' (മതപരിത്യാഗികൾ) എന്ന് വിളിച്ചുകൊണ്ടാണ് ഇവർ ഈ ക്രൂരതകൾക്ക് ന്യായീകരണം കണ്ടെത്തുന്നത്.

ഈ വഴികേടിന്റെ അടിസ്ഥാനം ഇസ്‌ലാമിനെ കേവലം ഒരു രാഷ്ട്രീയ പ്രസ്ഥാനമായി വ്യാഖ്യാനിച്ചതാണ്. മൗദൂദിയും സയ്യിദ് ഖുതുബും പോലുള്ളവർ നൽകിയ രാഷ്ട്രീയ വ്യാഖ്യാനങ്ങളാണ് ഇതിന് അടിത്തറയിട്ടത്. പ്രവാചകന്മാർ വന്നത് ഭരണം സ്ഥാപിക്കാനാണെന്നും മുൻകഴിഞ്ഞ സമുദായങ്ങളുടെ ശിർക്ക് അല്ലാഹുവിന്റെ 'ഹാകിമിയ്യത്തിനെ' (പരമാധികാരം) നിഷേധിച്ചതായിരുന്നു എന്നും ഇവർ വാദിച്ചു. ഫിർഔനും നംറൂദും അല്ലാഹുവിന്റെ റുബൂബിയ്യത്തിനെ (രക്ഷിതാവ് എന്ന സ്ഥാനം) അംഗീകരിച്ചിരുന്നുവെന്നും, എന്നാൽ ഹാകിമിയ്യത്തിനെ മാത്രമാണ് നിഷേധിച്ചതെന്നുമുള്ള വിചിത്രമായ വാദങ്ങൾ ഇവർ ഉന്നയിച്ചു. 'ഞാനാണ് നിങ്ങളുടെ ഏറ്റവും വലിയ റബ്ബ്' എന്ന് വിളിച്ചുപറഞ്ഞ ഫിർഔനെക്കുറിച്ചാണ് ഇവർ ഇത്തരത്തിൽ ജൽപിക്കുന്നത്.

ഈ രാഷ്ട്രീയ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം

**അഫ്ഗാനിസ്ഥാനിലും മറ്റു മുസ്‌ലിം രാജ്യങ്ങളിലും ഉണ്ടായ രക്തച്ചൊരിച്ചിലുകൾക്ക് ഉത്തരവാദികൾ ആധുനിക കാലത്തെ ഈ ഖവാരിജുകളാണ്. ശത്രുക്കൾക്ക് കടന്നുവരാൻ ഇവർ അവസരമൊരുക്കി. സ്ത്രീകളെയും കുട്ടികളെയും കൊല്ലുന്നത് അനുവദനീയമാണെന്ന് വാദിക്കുന്ന ഫത്‌വകൾ വരെ ഇവരിൽ നിന്ന് പുറത്തുവന്നു. അൾജീരിയയിൽ പോലീസുകാരുടെ കുടുംബങ്ങളെ വധിക്കാൻ അബൂ ഖതാദ എന്നയാൾ ഫത്‌വ നൽകി. സുഡാനിലെ 'അൽ-ഥൗറ' പള്ളിയിൽ ജുമുഅ നമസ്കാരത്തിനിടെ കടന്നുകയറി നാല് ഖവാരിജുകൾ വിശ്വാസികളെ വെടിവെച്ചുകൊന്ന സംഭവം ഇതിന്റെ ഭീകരമായ ഉദാഹരണമാണ്. തക്ഫീരിന്റെയും സ്ഫോടനത്തിന്റെയും പാഠശാലകളിൽ വളർന്നവരായിരുന്നു അവർ.**

സമൂഹങ്ങളെ അവർ 'ജാഹിലിയ്യത്ത്' (അജ്ഞാനകാലം) എന്ന് വിശേഷിപ്പിച്ചു. മുസ്‌ലിം ഭരണാധികാരികളെ ഫിർഔനിനോടും നംറൂദിനോടും ഉപമിച്ചു. ഇതിന്റെ ഫലമായി മുസ്‌ലിം നാടുകളെ അവർ 'ദാറുൽ കുഫ്ർ' (കുഫ്റിന്റെ നാട്) എന്ന് വിളിക്കുകയും അവിടെ നിന്ന് പലായനം (ഹിജ്റ) ചെയ്യൽ നിർബന്ധമാണെന്ന് വാദിക്കുകയും ചെയ്തു. സൗദി അറേബ്യ പോലുള്ള തൗഹീദിന്റെ നാടിനെ പോലും അവർ കുഫ്റിന്റെ നാടായി ചിത്രീകരിച്ചു. ഇതിനായി അബ്ദുൽ അസീസ് അൽജർബൂ എന്നയാൾ 'കുഫ്റിന്റെ നാടുകളിൽനിന്ന് ഇസ്‌ലാമിന്റെ നാടുകളിലേക്കുള്ള ഹിജ്റ' എന്ന പേരിൽ ഒരു ഗ്രന്ഥംതന്നെ രചിച്ചു.

ഭരണാധികാരികളെ കാഫിറാക്കുന്നതിൽ മാത്രം ഇവർ നിർത്തിയില്ല. ഭരണകൂടത്തെ സഹായിക്കുന്നവരെല്ലാം കാഫിറുകളാണെന്ന് അവർ വിധിയെഴുതി. മന്ത്രിമാർ മാത്രമല്ല; സൈന്യം, പോലീസ്, എന്തിന് ഭരണാധികാരികൾക്ക് വേണ്ടി പ്രാർഥിക്കുന്ന പള്ളിയിലെ ഇമാമുമാർ പോലും ഇവരുടെ ദൃഷ്ടിയിൽ കാഫിറുകളായ 'ശത്രുപക്ഷ'മാണ്. ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുന്നതിലൂടെ ജനങ്ങൾ അല്ലാഹുവിന് പുറമെ നിയമനിർമാണത്തിനുള്ള അധികാരം മനുഷ്യർക്ക് നൽകുന്നു എന്ന് വാദിച്ചുകൊണ്ട്, തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്ന സാധാരണക്കാർ പോലും ശിർക്ക് ചെയ്യുന്ന വരാണെന്ന് സയ്യിദ് ഫദ്ൽ (ഡോക്ടർ ഫദ്ൽ) എന്നയാൾ തന്റെ 'അൽ ജാമിഅ്' എന്ന ഗ്രന്ഥത്തിൽ വിധിച്ചു. വോട്ട് ചെയ്യുന്നവർ എംപിമാരെ നിയമദാതാക്കളായി (റബ്ബുകളായി) നിശ്ചയിക്കുന്നു എന്നാണ് അയാൾ വാദിച്ചത്.

ഇന്ന് ലോകത്ത് നടക്കുന്ന സ്ഫോടനങ്ങളെയും കൊലപാതകങ്ങളെയും ഇവർ തരംതിരിക്കുന്നത് വിചിത്രമായ രീതിയിലാണ്. ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുക എന്ന സാങ്കൽപിക ലക്ഷ്യത്തിന് വേണ്ടി ചിന്തപ്പെടുന്ന രക്തത്തെ സയ്യിദ് ഫദ്ൽ നാലായി തിരിച്ചിരിക്കുന്നു. ഒന്ന്, വധിക്കപ്പെടാൻ അർഹരായവർ: ഭരണാധികാരികളും അവരെ സഹായിക്കുന്ന സൈന്യവും ഉദ്യോഗസ്ഥരും പണ്ഡിതന്മാരും. രണ്ട്, വിശ്വാസികൾ: ഇവരുടെ കൂടെ നിൽക്കുന്നവർ. അത്യാവശ്യ ഘട്ടങ്ങളിൽ (ഉദാഹരണത്തിന് മനുഷ്യകവചമായി ഉപയോഗിക്കുമ്പോൾ) ഇവർ കൊല്ലപ്പെട്ടാൽ കുഴപ്പമില്ലെന്നും അവർ ഉദ്ദേശ്യശുദ്ധിക്കനുസരിച്ച് ഉയിർത്തെഴുന്നേൽക്കുമെന്നും ഇവർ വിശ്വസിക്കുന്നു. മൂന്ന്, കാഫിറുകൾ: മുസ്‌ലിം നാടുകളിൽ ജീവിക്കുന്ന അമുസ്‌ലിം പൗരന്മാരും സന്ദർശകരും (മുസ്തഅ്മിൻ). ഇവർക്ക് ഭരണകൂടം നൽകിയ സുരക്ഷാ കരാറുകൾ (വിസ ഉൾപ്പെടെ) ഇവർ അംഗീകരിക്കുന്നില്ല. കാരണം ഭരിക്കുന്നവർ തന്നെ കാഫിറുകളാണത്രെ. നാല്, അജ്ഞാതർ: ഇസ്‌ലാം മതം സ്വീകരിച്ചവരാണോ എന്ന് വ്യക്തമല്ലാത്തവർ. ഇവരെയും കൊല്ലുന്നതിൽ തെറ്റില്ലെന്ന് ഇവർ കരുതുന്നു. ഇതാണ് അവരുടെ വികലമായ 'ജിഹാദി' ചിന്താഗതി.

അബൂമുസ്അബ് അസ്സൂരി തന്റെ 'മുഖ്തസർ മസാരിസ്സ്വഹ്‌വ" (ഇസ്‌ലാമിക ഉണർവിന്റെ പാത സംഗ്രഹം) എന്ന പുസ്തകത്തിൽ യുവാക്കളെ പരിശീലിപ്പിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. വെടിയുതിർക്കാൻ പഠിപ്പിക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ ഭരണാധികാരികളുടെ ചിത്രങ്ങൾ വെച്ച് അതിലേക്ക് നിറയൊഴിക്കാനാണ് അവർ യുവാക്കളെ പഠിപ്പിച്ചത്. അയ്മൻ അൽസവാഹിരി തന്റെ 'ശിഫാഉ സുദൂറിൽ മുഅ്മിനീൻ' എന്ന പുസ്തകത്തിൽ, അഫ്ഗാനിസ്ഥാനിലെ മുസ്‌ലിംകളെ സഹായിക്കാൻ സൗദി അറേബ്യ നൽകിയ സഹായങ്ങൾ പോലും, അമേരിക്കയ്ക്കും ഇസ്രായേലിനും എതിരായ 'യഥാർഥ യുദ്ധത്തിൽ' നിന്ന് യുവാക്കളെ ശ്രദ്ധ തിരിക്കാനുള്ള ഗൂഢാലോചനയാണെന്ന് ആരോപിച്ചു. ജൂതന്മാരോടും ക്രിസ്ത്യാനികളോടും യുദ്ധം ചെയ്യുന്നതിനെക്കാൾ മുൻഗണന നൽകേണ്ടത് 'മുർതദ്ദുകളായ' (അവരുടെ വീക്ഷണത്തിൽ)



**തുടക്കക്കാർ ചില പൊതുതത്ത്വങ്ങൾ മെനഞ്ഞു. പിൻഗാമികൾ അത് പ്രയോഗവൽക്കരിച്ച് സമൂഹത്തെ ഒന്നടങ്കം കാഫിറാക്കി. ഇസ്‌ലാമിനെ രാഷ്ട്രീയവൽക്കരിക്കുകയും, തൗഹീദിന്റെയും ശിർക്കിന്റെയും അർഥതലങ്ങളെ വക്രീകരിക്കുകയും ചെയ്തതിലൂടെയാണ് ഈ ദുരന്തങ്ങളെല്ലാം ഉണ്ടായത്. നിഷ്കളങ്കരായ യുവാക്കളെ 'ജിഹാദി ചിന്താഗതി' (യഥാർഥത്തിൽ ഖവാരിജീ ചിന്താഗതി) എന്നു പേരിട്ട് തെറ്റിദ്ധരിപ്പിച്ച് ചാവേറുകളാക്കി മാറ്റുന്ന ഈ സംഘം ഉമ്മത്തിന് വലിയ ബാധ്യതയാണ് വരുത്തിവെച്ചിരിക്കുന്നത്.**

മുസ്‌ലിം ഭരണകൂടങ്ങളോടും അവരെ അനുകൂലിക്കുന്നവരോടും യുദ്ധം ചെയ്യുന്നതിനാണ് എന്നതാണ് ഇവരുടെ സിദ്ധാന്തം. അതിനാൽ, തൊട്ടടുത്തുള്ള ജൂതന്മാരോട് യുദ്ധം ചെയ്യാതെ അവർ സ്വന്തം നാട്ടിലെ മുസ്‌ലിംകളെ കൊന്നൊടുക്കുന്നു. നബി(സ്വ) യുടെ പ്രവചനം ഇവിടെ പുലരുകയാണ്: "അവർ ഇസ്‌ലാമിന്റെ ആളുകളെ കൊല്ലുകയും വിഗ്രഹാരാധകരെ വെറുതെ വിടുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം).

ഇവരാരും ഒറ്റരാത്രികൊണ്ട് ഉണ്ടായതല്ല. തുടക്കക്കാർ ചില പൊതുതത്ത്വങ്ങൾ മെനഞ്ഞു. പിൻഗാമികൾ അത് പ്രയോഗവൽക്കരിച്ച് സമൂഹത്തെ ഒന്നടങ്കം കാഫിറാക്കി. ഇസ്‌ലാമിനെ രാഷ്ട്രീയവൽക്കരിക്കുകയും, തൗഹീദിന്റെയും ശിർക്കിന്റെയും അർഥതലങ്ങളെ വക്രീകരിക്കുകയും ചെയ്തതിലൂടെയാണ് ഈ ദുരന്തങ്ങളെല്ലാം ഉണ്ടായത്. നിഷ്കളങ്കരായ യുവാക്കളെ 'ജിഹാദി ചിന്താഗതി' (യഥാർഥത്തിൽ ഖവാരിജീ ചിന്താഗതി) എന്നു പേരിട്ട് തെറ്റിദ്ധരിപ്പിച്ച് ചാവേറുകളാക്കി മാറ്റുന്ന ഈ സംഘം ഉമ്മത്തിന് വലിയ ബാധ്യതയാണ് വരുത്തിവെച്ചിരിക്കുന്നത്. ആരാണ് യഥാർഥത്തിൽ ഈ ദീനിനെ ഹൈജാക്ക് ചെയ്തത് ആരാണ്? ആരാണ് തൗഹീദിന്റെയും ശിർക്കിന്റെയും നിർവചനങ്ങൾ തിരുത്തിക്കുറിച്ചുകൊണ്ട് ഈ ദുരന്തങ്ങൾക്ക് വിത്തുപാകിയത്? ആ വ്യക്തികളെക്കുറിച്ചും മുസ്‌ലിം ഉമ്മത്തിനെ വഴിതെറ്റിച്ച അവരുടെ ഗ്രന്ഥങ്ങളെക്കുറിച്ചും വിശദമായി അടുത്ത ലക്കങ്ങളിൽ പ്രതിപാദിക്കുന്നതാണ്. *(തുടരും)*

നമുക്കുചുറ്റും

# നമുക്ക് നമ്മുടെ റബ്ബുണ്ട്

## നസീമ വാടാനപ്പള്ളി

പതിവുപോലെ അവളും അവളുടെ നല്ല പാതിയും ദഅ്‌വത്തിനായുള്ള യാത്രയിലായിരുന്നു. ആ യാത്രകളിൽ അവർ ദുനിയാവിന്റെ നഷ്ടവും ലാഭവും നോക്കാറില്ലായിരുന്നു. കാരണം, ഒന്ന് പ്രബോധനം വീഥിയിലാണ്. രണ്ട് അവരുടെതായ നർമസല്ലാപങ്ങളുടെ സ്വകാര്യയിടങ്ങൾ കൂടിയായിരുന്നു ആ യാത്രകൾ. എന്നിരുന്നാലും ചില ഫോൺവിളികൾ അവരുടെ സമയം പിടിച്ചെടുക്കാറുണ്ടായിരുന്നു. വേദനയുടെയും പ്രയാസങ്ങളുടെയും മാറാപ്പുകൾ ഇറക്കിവെച്ച് തെല്ലൊരാശ്വാസത്തിനായി ദീനിന്റെയിടങ്ങൾ തേടി പലരും അവളെ തേടിയെത്തുമായിരുന്നു.

അന്നും യാത്രക്കിടെ ഒരു കോൾ വന്നു. സംസാരിച്ചു കഴിഞ്ഞപ്പോൾ തന്റെ നല്ല പ#ാതിയോടായി അവൾ പറഞ്ഞു: "ഒന്ന് കേട്ടുകൊടുത്താലെങ്കിലും ഒരാശ്വാസം കിട്ടുമവർക്ക്. അതിനു സഹകരിക്കുന്ന നിങ്ങൾക്കും റബ്ബ് പ്രതിഫലം തരട്ടെ."

അവൾ പറഞ്ഞു നിർത്തിയതും അദ്ദേഹം തുടങ്ങിവെച്ചു: "പിന്നേയ് എന്റെ ടീച്ചർ പെണ്ണേ, എന്റെ വിഷമം കേൾക്കാൻ നീയുണ്ട്. പലരുടെയും വിഷമം കേൾക്കാൻ, സമാധാനിപ്പിക്കാൻ നിനക്കാവുന്നുണ്ട്. പക്ഷേ, നിന്റെ വിഷമം നീയാരോട് പറയും പെണ്ണേ?"

'അതിനല്ലേ എനിക്കീ നല്ല പാതി'യെന്നു കേൾക്കാനാണവൻ കൊതിച്ചതെങ്കിലും അവളുടെ മറുപടി മറ്റൊന്നായിരുന്നു: "എനിക്കെന്റെ റബ്ബുണ്ട്. എന്റെതു മാത്രമല്ല, എല്ലാവരുടെയും പ്രയാസങ്ങൾ പറയാനും അത് കേൾക്കാനും അറിയാനും ഉത്തരം നൽകാനും കഴിവുള്ള എന്റെ റബ്ബ്. എനിക്കെന്റെ റബ്ബു മതി." ഓട്ടോയുടെ പിൻസീറ്റിലിരിക്കുകയായിരുന്ന അവൾ പതിയെ അവന്റെ ചെവിയിൽ ഒരു നുള്ളു കൊടുത്തു.

"സമ്മതിച്ചേ...നീയും നിന്റെ റബ്ബും" എന്ന് അയാൾ പറഞ്ഞപ്പോൾ അവൾ തിരുത്തി: "നമ്മുടെ റബ്ബ്, നമുക്ക് നമ്മുടെ റബ്ബുണ്ട്... അൽഹംദുലില്ലാഹ്."



ഹർഷ പി.
ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ
ലേഡീസ് ക്യാമ്പസ്

# ഇന്ധനമില്ലാത്ത വാഹനം

അയാൾ പ്രതീക്ഷയോടുകൂടി ഇന്റർവ്യൂവിൽ പങ്കെടുക്കുവാനായി പുറപ്പെട്ടു. പെട്രോൾ കമ്പനിയിലെ ഡ്രൈവർ ജോലിക്കാണെങ്കിലും ഒരുപാട് തൊഴിലന്വേഷകർ എത്തുമെന്ന് ഉറപ്പാണ്. ഉന്നത ബിരുദധാരികൾ പോലും ജോലിയൊന്നും കിട്ടാതെ വലയുന്ന കാലമാണല്ലോ. ഹെവി വെഹിക്കിൾ ലൈസൻസ് മുമ്പേതന്നെ എടുത്തുവച്ചത് നന്നായി.

ഉദ്ദേശിച്ചതുപോലെ തന്നെ ഒരുപാടുപേർ ഹാജറായിട്ടുണ്ട്. ഓരോരുത്തരെയായി അകത്തേക്കു വിളിച്ചു. ഒടുവിൽ അയാളുടെ ഊഴമെത്തി. അനുവാദം ചോദിച്ചതിന് ശേഷം അകത്തേക്ക് പ്രവേശിച്ചു. മൂന്നു പേർ മാറി മാറി ചോദ്യങ്ങൾ ചോദിച്ചു. എല്ലാറ്റിനും കൃത്യമായി ഉത്തരം പറയാൻ അയാൾക്ക് സാധിച്ചു.

ഏതാനും ദിവസത്തിനകം ജോലിക്ക് തിരഞ്ഞെടുത്ത വിവരം ലഭിച്ചു. ഒരാഴ്ചക്കകം ജോലിയിൽ പ്രവേശിക്കാനും ആവശ്യപ്പെട്ടു.

ജോലിയിൽ ചേരുന്ന ദിവസം അതിരാവിലെ അയാൾ പുറപ്പെട്ടു. ഇന്ധനം നിറച്ച ടാങ്കർ ലോറി ഓടിച്ച് ഏതാനും കിലോമീറ്റർ ഓടിയപ്പോഴേക്കും വഴിയിൽ വെച്ച് വാഹനം നിന്നുപോയി. അയാൾ ഇറങ്ങി വാഹനത്തിന് എന്തുപറ്റിയെന്ന് പരിശോധിക്കവെ കുറച്ചപ്പുറത്തുള്ള കടയിൽനിന്നും ഒരാൾ ഇറങ്ങിവന്ന് ചോദിച്ചു:

"എന്തുപറ്റി? പെട്രോൾ തീർന്നതാണോ?"

അയാൾ അൽപം പരിഹാസത്തോടെ പറഞ്ഞു: "ഈ ടാങ്കർ ലോറി മുഴുവൻ ഇന്ധനമാണ്."

ആഗതൻ പറഞ്ഞു: "സുഹൃത്തേ, മുകളിലത്തെ ടാങ്കിൽ എത്ര ലിറ്റർ ഇന്ധനമുണ്ടായിട്ടും കാര്യമില്ല. അതിനടിയിലെ ടാങ്കിൽ ഇന്ധനമുണ്ടെങ്കിലേ വാഹനം ഓടുകയുള്ളൂ."

ഇത് പറഞ്ഞപ്പോഴാണ് അയാൾ ചിന്തിക്കുന്നത്; തിരക്കു പിടിച്ച് പോരുന്നതിനിടയിൽ പെട്രോൾ എത്രയുണ്ടെന്ന് നോക്കാൻ മറന്നത്. ഇന്ധനം കൊണ്ടുപോകുന്ന വലിയ ടാങ്കറിൽ അത് ഓടാനുള്ള ഇന്ധനം അടിക്കാത്തതു പോലെയാണ് പല വിശ്വാസികളും, വിശിഷ്യാ പല പ്രബോധകരും. അറിവാകുന്ന ഇന്ധനുണ്ട്. എല്ലാവരെയും ഉപദേശിക്കും. എന്നാൽ ഉപദേശിക്കുന്ന കാര്യം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കില്ല. കാരണം തക്‌വയാകുന്ന ഇന്ധനമില്ല. അതുകൊണ്ട് തന്നെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കി മുന്നോട്ടു പോകാൻ കഴിയില്ല. അല്ലാഹു പറയുന്നു:

"...എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മത(തക്‌വ)യാകുന്നു. ബുദ്ധിശാലികളേ, നിങ്ങളെന്നെ സൂക്ഷിച്ച് ജീവിക്കുക" (ക്വുർആൻ 2:197).

ജീവിത യാത്രയിൽ തക്‌വയാകുന്ന ഇന്ധനം കൂടെയില്ലെങ്കിൽ പരലോകത്ത് പരാജപ്പെടുമെന്നതിൽ സംശയമില്ല. അതില്ലെങ്കിൽ ഭൗതികമായ എന്തൊക്കെ നേട്ടമുണ്ടായിട്ടും കാര്യമില്ല.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (3:102) ■

# സൂറതുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

أُولَٰئِكَ الَّذِينَ لَهُمْ سُوءُ الْعَذَابِ وَهُمْ فِي الْآخِرَةِ هُمُ الْأَخْسَرُونَ ﴿٥﴾

05 അവരത്രെ കഠിനശിക്ഷയുള്ളവർ. പരലോകത്താകട്ടെ അവർ തന്നെയായിരിക്കും ഏറ്റവും നഷ്ടം നേരിടുന്നവർ.

*(അവരത്രെ കഠിന ശിക്ഷയുള്ളവർ) ഏറ്റവും കഠിനമാമായതും വമ്പിച്ചതുമായ ശിക്ഷ. (പരലോകത്താകട്ടെ അവർതന്നെയായിരിക്കും ഏറ്റവും നഷ്ടം നേരിടുന്നവർ) നഷ്ടം അവർക്ക് മാത്രമായിരിക്കും. കാരണം ഉയിർത്തെഴുന്നേൽപ്പ് നാളിൽ അവർക്ക് അവരെയും കുടുംബങ്ങളെയും നഷ്ടപ്പെടും. പ്രവാചകന്മാർ അവരെ ക്ഷണിച്ച വിശ്വാസവും അവർക്ക് നഷ്ടപ്പെടും.*

وَإِنَّكَ لَتُلَقَّى الْقُرْآنَ مِن لَّدُنْ حَكِيمٍ عَلِيمٍ ﴿٦﴾

06 തീർച്ചയായും യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവന്റെ പക്കൽനിന്നാകുന്നു നിനക്ക് ക്വുർആൻ നൽകപ്പെടുന്നത്.

*(തീർച്ചയായും യുക്തിമാനും സർവജ്ഞനുമായിട്ടുള്ളവന്റെ പക്കൽനിന്നാകുന്നു നിനക്ക് ക്വുർആൻ നൽകപ്പെടുന്നത്). ഈ ക്വുർആൻ താങ്കൾക്ക് ഇറങ്ങുന്നതും സ്വീകരിക്കുന്നതും (യുക്തിമാൻ) ആയവന്റെ അടുക്കൽനിന്നാണ്. എല്ലാം അതതിന്റെ യോജിച്ച സ്ഥാനത്ത് ഉചിതമായി വെക്കുന്നവൻ, ഇറക്കേണ്ട സ്ഥാനത്ത് ഇറക്കുന്നവൻ. (സർവജ്ഞനും ആയിട്ടുള്ളവൻ) ബാഹ്യവും ആന്തരികവുമായ എല്ലാറ്റിന്റെയും രഹസ്യങ്ങൾ അറിയുന്നവൻ. സർവജ്ഞനായിട്ടുള്ള യുക്തിമാനിൽനിന്നാണ് ഇതെല്ലാം വരുന്നതെങ്കിൽ ഇതിലെല്ലാം യുക്തിയുണ്ട്. തന്റെ ദാസന്മാരുടെ അവസ്ഥകൾ നന്നായി അറിയുന്നവനിൽനിന്നുള്ള നന്മയുമുണ്ട്.*

إِذْ قَالَ مُوسَىٰ لِأَهْلِهِ إِنِّي آنَسْتُ نَارًا سَآتِيكُم مِّنْهَا بِخَبَرٍ أَوْ آتِيكُم بِشِهَابٍ قَبَسٍ لَّعَلَّكُمْ تَصْطَلُونَ ﴿٧﴾

07 മൂസാ തന്റെ കുടുംബത്തോട് പറഞ്ഞ സന്ദർഭം: 'തീർച്ചയായും ഞാൻ ഒരു തീ കണ്ടിരിക്കുന്നു. അതിന്റെ അടുത്തുനിന്ന് ഞാൻ നിങ്ങൾക്ക് വല്ല വിവരവും കൊണ്ടുവരാം. അല്ലെങ്കിൽ അതിൽനിന്ന് ഒരു തീനാളം കൊളുത്തിയെടുത്ത് ഞാൻ നിങ്ങൾക്ക് കൊണ്ടു വരാം. നിങ്ങൾക്ക് തീ കായാമല്ലോ.'

*(മൂസാ തന്റെ കുടുംബത്തോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ ഒരു തീ കണ്ടിരിക്കുന്നു) മൂസബ്നു ഇംറാന്റെ ജീവിതത്തിലെ ശ്രേഷ്ഠമായ ഈ സന്ദർഭം നീ പറഞ്ഞു കൊടുക്കുക. ഇത് അദ്ദേഹത്തിലേക്കുള്ള വഹ്‌യിന്റെ ആരംഭവും പ്രവാചകത്വത്തിനായി അദ്ദേഹത്തെ തിരഞ്ഞെടുക്കലും അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ സംസാരവുമാണ്. മദ്‌യനിൽ വർഷങ്ങളോളം താമസിച്ച് തന്റെ*

*കുടുംബത്തെയും കൂട്ടി ഈജിപ്തിലേക്ക് പോകുന്ന വഴിയാണിത് സംഭവിച്ചത്. യാത്രയ്ക്കിടയിൽ അദ്ദേഹത്തിന് വഴിതെറ്റി. അത് നല്ല തണുത്ത, ഇരുട്ടുള്ള ഒരു രാത്രിയായിരുന്നു. അദ്ദേഹം തന്റെ കുടുംബത്തോട് പറഞ്ഞു: (തീർച്ചയായും ഞാൻ ഒരു തീ കണ്ടിരിക്കുന്നു) അതായത് ദൂരെ ഞാനൊരു തീ കണ്ടു. (അതിന്റെ അടുത്തുനിന്ന് ഞാൻ നിങ്ങൾക്ക് വല്ല വിവരവും കൊണ്ടു വരാം) പോകേണ്ട വഴിയെക്കുറിച്ച്. (അല്ലെങ്കിൽ അതിൽ നിന്ന് ഒരു തീനാളം കൊളുത്തിയെടുത്ത് ഞാൻ നിങ്ങൾക്ക് കൊണ്ടുവരാം. നിങ്ങൾക്ക് തീ കായാമല്ലോ!) അതായത്, നിങ്ങൾക്ക് തീ കായാൻ. അദ്ദേഹത്തിന് വഴിതെറ്റിയെന്നും വളരെ കഠിനമായ തണുപ്പിലായിരുന്നു അദ്ദേഹവും കുടുംബവുമെന്നും ഇതിൽനിന്നു മനസ്സിലാക്കാം.*

فَلَمَّا جَاءَهَا نُودِيَ أَن بُورِكَ مَن فِي النَّارِ وَمَنْ حَوْلَهَا وَسُبْحَانَ اللَّهِ رَبِّ الْعَالَمِينَ ﴿٨﴾

**08**

അങ്ങനെ അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ ഇപ്രകാരം വിളിച്ചുപറയപ്പെട്ടു: 'തീയിലുള്ളവരും അതിനു ചുറ്റുമുള്ളവരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ലോകരക്ഷിതാവായ അല്ലാഹു എത്രയോ പരിശുദ്ധനാകുന്നു.'

*(അങ്ങനെ അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ ഇപ്രകാരം വിളിച്ചു പറയപ്പെട്ടു: തീയിലുള്ളവരും അതിനു ചുറ്റും ഉള്ളവരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു) അതായത്, അല്ലാഹു മൂസാ നബി(അ) യെ വിളിച്ച് ഇത് പരിശുദ്ധമായ താഴ്‌വരയാണെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ഈ സ്ഥലം അനുഗൃഹീതമാകാൻ കാരണം, ഇവിടെ വെച്ചാണ് അല്ലാഹു മൂസാ നബിയോട് സംസാരിച്ചതും അദ്ദേഹത്തെ വിളിച്ച് പ്രവാചകത്വം ഏൽപിച്ചതും എന്നതാണ്. (ലോകരക്ഷിതാവായ അല്ലാഹു എത്രയോ പരിശുദ്ധനാകുന്നു) അവനെക്കുറിച്ച് എന്തെങ്കിലും അപൂർണതയോ ചീത്തവിചാരമോ ഉണ്ടാകുന്നതിൽനിന്നും അവൻ ഏറെ പരിശുദ്ധനാണ്. പ്രവർത്തനത്തിലും വിശേഷണത്തിലും അവൻ പരിപൂർണനത്രെ.*

يَا مُوسَىٰ إِنَّهُ أَنَا اللَّهُ الْعَزِيزُ الْحَكِيمُ ﴿٩﴾

**09**

'ഹേ; മൂസാ, തീർച്ചയായും പ്രതാപിയും യുക്തിമാനുമായ അല്ലാഹുവാണ് ഞാൻ.'

*(ഹേ മൂസാ, തീർച്ചയായും പ്രതാപിയും ബുദ്ധിമാനുമായ അല്ലാഹുവാണ് ഞാൻ) അല്ലാഹുവാണ് യഥാർഥ ആരാധനക്കർഹൻ എന്നാണ് പറയുന്നത്. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. ഈ ആശയം മറ്റു വചനങ്ങളിലും വന്നിട്ടുണ്ട്.*

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي ﴿١٤﴾

*"തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറ പോലെ നിർവഹിക്കുകയും ചെയ്യുക" (20:14).*

*(സർവശക്തൻ) എല്ലാ വസ്തുക്കളെയും കീഴ്പ്പെടുത്തുകയും എല്ലാ സൃഷ്ടികളും സമർപ്പണം ചെയ്യുന്നവനുമായ സർവശക്തൻ. (യുക്തിമാനും) തന്റെ കൽപനയിലും സൃഷ്ടിപ്പിലും. മൂസബ്നു ഇംറാനെ ദൂതനായി അയച്ചതും അവന്റെ യുക്തിയിൽ പെട്ടതാണ്. അല്ലാഹുവിന് അറിയാം; അദ്ദേഹം തന്റെ സന്ദേശം അറിയിച്ചുകൊടുക്കാനും വഹ്‌യ് സ്വീകരിക്കാനും നേരിട്ട് സംസാരിക്കാൻ യോഗ്യനാണെന്ന്. കാരണം, അദ്ദേഹം ശക്തനാണ്. അല്ലാഹുവിനെ അവലംബിക്കണം. നീ ഒറ്റക്കാണെന്നത് നിന്നെ ദുർബലനാക്കരുത്. എത്രതന്നെ ശത്രുക്കളുണ്ടെങ്കിലും അവർ എത്ര ശക്തരാണെങ്കിലും അവരുടെ ചലനങ്ങൾ അവന്റെ നിയന്ത്രണത്തിലാണ്.*



# ചെറുവാടി സംവാദം; ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നവരോട്

മൂസ സ്വലാഹി കാര
: 97473 45768

നബിദിനാഘോഷം ദുരാചാരമാണോ പുണ്യകർമമാണോ എന്ന വിഷയത്തിൽ ചെറുവാടിയിൽ വെച്ച് നടന്ന മുജാഹിദ്-സമസ്ത സംവാദം പൂർണാർഥത്തിൽ പ്രാമാണിക വിജയം കൈവരിച്ചതും വിശ്വാസി സമൂഹം സാകൂതം ശ്രദ്ധിച്ചതുമായിരുന്നു. ഉത്തമ തലമുറയ്ക്ക് പരിചിതമല്ലാത്തതും അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ നിഷിദ്ധമെന്ന് വിധിച്ചതുമായ ഈ ശിയാ നിർമിത ആഘോഷത്തെ മതവൽക്കരിക്കാൻ വേണ്ടി മുസ്‌ലിയാക്കന്മാർ നടത്തിയ ഒടുവിലത്തെ മിനക്കെടൽ കൂടിയായിരുന്നു ആ സംവാദമെന്ന് പറയാതെ വയ്യ. അശേഷം തെളിവുകളില്ലാത്ത നവീനമായ ഒന്നാണ് നബിദിനാഘോഷമെന്ന് അവിതർക്കിതമായി സംവാദം അടയാളപ്പെടുത്തുകയും ചെയ്തു.

**സുപ്രഭാതത്തിലെ വിജയഭേരി മുഴക്കിയെ ലേഖനം ഇരുട്ടുകൊണ്ടുള്ള ഓട്ടയടക്കലായി മാറി. ബിദ്അത്തുകളിൽ അഭിരമിക്കുകയും സുന്നത്തിനെ പിൻപറ്റുന്നവരെ ബിദ്അത്തിന്റെ ആളുകളായി ചിത്രീകരിക്കുകയും ചെയ്യുന്ന ഏർപ്പാട് ഇനിയെങ്കിലും അവസാനിപ്പിക്കുക എന്നേ പറയാനുള്ളൂ.**

പ്രമാണങ്ങൾക്ക് മുമ്പിൽ പരിഭ്രാന്തരായ മുസ്‌ലിയാക്കന്മാർ അവർ അനുഭവിച്ച് തീർത്ത പരിഭവം പുറത്താകാതിരിക്കാൻ 2026 ജനുവരി 4, ഞായറാഴ്ചയിലെ സുപ്രഭാതത്തിൽ 'ചെറുവാടി സംവാദം സുന്നി പക്ഷത്തിന് ഉജ്ജ്വല വിജയം' എന്ന തലക്കെട്ടിൽ വാർത്ത കൊടുത്തതായി കണ്ടു. ഒച്ചയിട്ടതിനെയാണ് 'ഉജ്ജ്വല വിജയം' എന്നതുകൊണ്ട് ഉദ്ദേശിച്ചതെങ്കിൽ എക്കാലത്തെയും പ്രമാണനിഷേധികളുടെ അവസ്ഥയും ഇങ്ങനെയൊക്കെ തന്നെയായിരുന്നു എന്നാണ് പറയാനുള്ളത്!

അഹ്‌ലുസ്സുന്നയുടെ നിലപാടിനെ പരാജയപ്പെടുത്താമെന്നു കരുതി കളത്തിലിറങ്ങിയ മുസ്‌ലിയാക്കന്മാർ സംവാദത്തിൽ തങ്ങളുടെ നിലപാടുകൾ തെളിവുസഹിതം സമർഥിക്കാൻ കഴിയാത്തതിലെ ജാള്യം മറച്ചു വെക്കാൻ രംഗത്തു വരികയുണ്ടായി. 'ചെറുവാടി സംവാദം നവീനവാദികളെ ഓർമപ്പെടുത്തുന്നത്' എന്ന പേരിൽ 2026 ജനുവരി 6 (ചൊവ്വ) സുപ്രഭാതത്തിൽ വന്ന ലേഖനം സമസ്തയുടെ ആശയത്തിനേറ്റ തകർച്ചയുടെ ഓട്ടയടക്കൽ ശ്രമംകൂടിയായിരുന്നു.


സുപ്രഭാതം

ചെറുവാടി സംവാദം നവീനവാദികളെ ഓർമപ്പെടുത്തുന്നത്

എം.ടി അബൂബക്കർ ദാരിമി

വഹാബി ആചാര്യൻ ഇബ്നു തൈമിയ സുബ്ഹിക്കുശേഷം സൂര്യാസ്തമയം വരെ ഫാതിഹ സൂറത്ത് ആവർത്തിച്ചോതിയിരുന്നു. ഇതൊക്കെ മുൻമാതൃക ഇല്ലാത്തതിനാൽ ബിദ്അത്താണോ എന്ന ചോദ്യത്തിന് സ്വന്തം ആചാര്യനെ വരെ തള്ളേണ്ട ഗതികേടായിരുന്നു വിസ്ഡം വിഭാഗത്തിനുണ്ടായത്.

**അറിയപ്പെട്ട സൂഫിയായ അബൂ മുഹമ്മദ് സഅൽ ഇബ്നു അബ്ദില്ല അത്തുസ്തുരി എഴുതിയ തഫ്സീർ സൂഫിസത്തെ പ്രേമിക്കുന്നവർക്ക് പ്രധാന പ്രമാണമായിരിക്കും. എന്നാൽ അഹ്ലുസ്സുന്ന ഇതിനെ ഗൗനിക്കുന്നേയില്ല! പ്രസിദ്ധമായ എത്രയോ തഫ്സീറുകൾ ലോകത്ത് വിരചിതമായിരിക്കെ അവയിലൊന്നും ഈ ആയത്തുകൾ നബിദിനാഘോഷിക്കാൻ തെളിവാണെന്ന് പറയാതിരുന്നതെന്തേ? മൂല്യമുള്ള ആരാധനയായിട്ടും അവർ അവഗണിക്കുകയായിരുന്നോ?**



### മുസ്ലിയാരും പാഴായിപ്പോയ ഓട്ടയടക്കൽ ശ്രമവും

പ്രസ്തുത ലേഖനത്തിൽ പറയുന്നു: "നബിദിനാഘോഷം പ്രമാണങ്ങളിൽ പഠിപ്പിക്കപ്പെട്ടില്ല എന്നായിരുന്നു മുജാഹിദ് വാദത്തിലെ ആദ്യഭാഗം. കെ.എം മൗലവി ഉൾപ്പെടെയുള്ള മുജാഹിദ് പ്രഥമാചാര്യർ നബിദിനം ആഘോഷിച്ചവരാണ്. അവരാരും മരിക്കുന്നതിന് മുമ്പ് അത് തിരുത്തിയിട്ടുമില്ല" (പേജ് 6).

മുജാഹിദ് പ്രസ്ഥാനത്തിന്റെ പഴയകാല പണ്ഡിതന്മാർ എഴുതുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാത്തത് അവർക്കു മേൽ ആരോപിക്കുന്ന പതിവ് ഇവർക്ക് പണ്ടേയുള്ളതാണ്. അൽഇർശാദും അൽമുർശിദും പൊക്കിപ്പിടിച്ച്, ഇതാ ഇവരുടെ പഴയകാല നേതാക്കളും ഇതൊക്കെ അംഗീകരിച്ചവരാണ് എന്ന് വിളിച്ചു പറഞ്ഞ് സായൂജ്യം നേടുന്നു എന്നതല്ലാതെ, അവരാരെങ്കിലും നബിദിനാഘോഷം പോലുള്ള അനാചാരങ്ങളുടെ സവിശേഷതകൾ പറഞ്ഞതിനോ ഇബാദത്താണെന്നോ സുന്നത്താണെന്നോ വിശേഷിപ്പിച്ചതിനോ തെളിവായി അവയിൽനിന്ന് ഒരു വരിയെങ്കിലും വായിച്ച് കേൾപ്പിക്കാൻ ഇന്നുവരെയും ഇവർക്ക് കഴിഞ്ഞിട്ടില്ല!

ഉത്തമ തലമുറയിൽ ഇല്ലാത്തതാണ് മൗലിദെന്നും ലോകത്ത് മശ്രിക്കിലും മഗ്രിബിലും (കിഴക്കും പടിഞ്ഞാറും) കുറെ ആളുകൾ ഇത് ചെയ്യുന്നതിനാൽ മൗലിദ് കർമം നിർബന്ധവും സുന്നത്തുമാണെന്ന് ജനങ്ങൾ വിചാരിച്ച് പോയതിനാലും ഇതിന്റെ ചരിത്രവും മതപണ്ഡിത സമീപനവും വിശദമാക്കേണ്ടതുണ്ടെന്ന നിലക്കാണ് അന്നവർ ആ ലേഖനങ്ങൾ എഴുതിയത്. ഇമാം ഇബ്നുൽ ഹാജ്(റഹി)യുടെ 'അൽമദ്ഖൽ' എന്ന ഗ്രന്ഥത്തിലെ ചർച്ചവരെ അതിൽ പ്രത്യേകം എടുത്ത് ചേർത്തത് കാണാം.

"ഹറാമോ മക്റൂഹോ ഖിലാഫുൽ ഔലയോ ആയ യാതൊരു സംഗീതവും വിനോദവും മറ്റുമൊന്നുമില്ലാതെ തന്നെ മൗലിദ് കഴിച്ചാലും മൗലിദ് എന്ന ഉദ്ദേശം കൊണ്ടുതന്നെ അത് ബിദ്അത്താകുന്നു. എന്തെന്നാൽ അത് മതത്തിൽ കൂട്ടലാണ്. പൂർവ്വികരായ സലഫുകളുടെ പ്രവൃത്തിയിൽ പെട്ടതല്ല. പൂർവ്വികരോട് തുടരുന്നതാണ് ഏറ്റവും നല്ലത്" (അൽഇർശാദ്/1925).

ശിയാക്കളും സൂഫികളും സമസ്തക്കാരും ഒരുമിച്ച് ആഘോഷിക്കുന്നതിനോട് അവർ കൈ കോർക്കുകയോ അതിന് പ്രേരണ നൽകുകയോ ചെയ്തിട്ടില്ല. മാത്രമല്ല മൗലിദിന്റെ ചരിത്രവും അതിന്റെ

പ്രമാണ വിരുദ്ധതയും അവർ തുറന്ന് കാണിക്കുകയും ചെയ്തു. എന്നിട്ടാണ് മൗലിദിന് അവരെ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നത്!

ലേഖകൻ തുടരുന്നു: "നബിദിനാഘോഷത്തിന് തെളിവായി വിശുദ്ധ ഖുർആൻ 21:107,10:58 എന്നീ സൂക്തങ്ങൾ സുന്നിപക്ഷം ഏറ്റവും പൗരാണികമായ തഫ്സീർതുസ്തുരിയുടേതടക്കം വ്യാഖ്യാന സഹിതം ഉദ്ധരിച്ചപ്പോൾ മുജാഹിദ് പക്ഷം ആയുധം താഴെ വയ്ക്കുന്ന കാഴ്ചയാണ് കണ്ടത്" (പേജ് 6).

അറിയപ്പെട്ട സൂഫിയായ അബൂ മുഹമ്മദ് സഅൽ ഇബ്നു അബ്ദില്ല അത്തുസ്തുരി എഴുതിയ തഫ്സീർ സൂഫിസത്തെ പ്രേമിക്കുന്നവർക്ക് പ്രധാന പ്രമാണമായിരിക്കും. എന്നാൽ അഹ്ലുസ്സുന്ന ഇതിനെ ഗൗനിക്കുന്നേയില്ല! പ്രസിദ്ധമായ എത്രയോ തഫ്സീറുകൾ ലോകത്ത് വിരചിതമായിരിക്കെ അവയിലൊന്നും ഈ ആയത്തുകൾ നബിദിനാഘോഷിക്കാൻ തെളിവാണെന്ന് പറയാതിരുന്നതെന്തേ? മൂല്യമുള്ള ആരാധനയായിട്ടും അവർ അവഗണിക്കുകയായിരുന്നോ?

"നബിദിനാഘോഷം ശിർക്കാണെന്ന് പിൽക്കാല മുജാഹിദുകൾ പറഞ്ഞു. മുജാഹിദ് നേതാവ് ഉമർ മൗലവിയുടെ ഓർമയുടെ തീരത്ത്, ലാ ഇലാഹ ഇല്ലല്ലാഹുവിന്റെ അർഥം, സൽസബീൽ തുടങ്ങിയവയിൽ നബിദിനാഘോഷം ശിർക്കുതന്നെ എന്നാണുള്ളത്."

അനാചാരങ്ങളുടെ അടിവേര് പിഴുതെടുക്കാൻ അഹോരാത്രം അധ്വാനിച്ച മഹാപണ്ഡിതനാണ് കെ.ഉമർ മൗലി( റഹി). സമസ്തയിലെ തലതൊട്ടപ്പൻമാരായ മുസ്‌ലിയാക്കന്മാരിൽനിന്ന് തീക്ഷ്ണമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ട് പോലും കുലുങ്ങാത്ത അദ്ദേഹത്തിന്റെ ആദർശ നിലപാടിനെയാണോ ഇവർ ജനങ്ങളുടെ മുമ്പിൽ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്. നബിദിനാഘോഷം തന്നെ ശിർക്കാണെന്ന് മുജാഹിദ് പ്രസ്ഥാനം എവിടെ പറഞ്ഞു എന്ന ചോദ്യത്തിനുള്ള മറുപടിയായിരുന്നു കിട്ടേണ്ടത്. അത് കാണിച്ചുതരാതെ മുങ്ങുകയായിരുന്നു. ഉമർ മൗലവി പറഞ്ഞതിലെവിടെയും അങ്ങനെയൊന്നില്ല. അദ്ദേഹം എഴുതിയത് കാണുക: "പക്ഷേ, അതിഗുരുതരമായ മറ്റൊരു താത്വിക വശം മൗലിദ് കഴിക്കുന്നതിലുണ്ട്. അതായത്, സൃഷ്ടികളുടെ തൃപ്തി ആഗ്രഹിച്ച് നടത്തുന്ന ഒരു ആരാധനയാണ് മൗലിദ്. ഉദാഹരണം മുഹ്‌യിദ്ദീൻ ശൈഖിന്റെ പൊരുത്തം മോഹിച്ച് ആരെങ്കിലും ബദ്ർ മൗലിദ് ഓതാറുണ്ടോ? ഇല്ല, മറിച്ചും അങ്ങനെതന്നെ. ആരുടെ രക്ഷയും പൊരുത്തവുമാണോ ഓതുന്നവനും ഓതിക്കുന്നവനും ആശിക്കുന്നത്, അവരുടെ പേരിൽ നിർമിതമായ മൗലിദാണ് അവിടെ 'കഴിക്ക'പ്പെടുന്നത്. ഈ ആശയും മോഹവും അദൃശ്യമായ മാർഗത്തിലൂടെയാണെന്നത് ഇതിന്റെ കഴമ്പാണ് താനും. അപ്പോൾ പദ്യങ്ങളിലും പ്രാർഥനാകീർത്തനങ്ങളിലും ദോഷകരമായ യാതൊന്നും പ്രകടമല്ലാത്ത മൗലീദ് ആയാൽ പോലും അത് ശിർക്കിന്റെ നടപടി തന്നെയാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹുവല്ലാത്ത സൃഷ്ടികളുടെ പൊരുത്തവും രക്ഷയും ഇച്ഛിച്ചുകൊണ്ട് ഒരു പുണ്യകർമ്മം നിഷിദ്ധമാണ്. അത് ശിർക്കും കുഫ്റുമാണ്" (ഓർമകളുടെ തീരത്ത്).

മൗലവിയുടെ വരികളിൽ കാണുന്ന 'അപ്പോൾ,' 'എന്തുകൊണ്ടെന്നാൽ' എന്നീ പ്രത്യേക പ്രയോഗങ്ങൾ തന്നെ നബിദിനാഘോഷം നിരുപാധികം ശിർക്കാണെന്ന് അദ്ദേഹം എഴുതിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നതാണ്. എന്നാൽ അതിന് വേണ്ടി ഓതുന്നതും പാടുന്നതുമായ മാലകളിലും പറഞ്ഞ് പരത്തുന്ന പൊള്ള ക്കഥകളിലും ശിർക്കുണ്ടെന്നത് പകൽ വെളിച്ചം പോലെ വ്യക്തമാണല്ലോ! അതിനെയാണ് മൗലവി ശിർക്കും കുഫ്റുമാണെന്ന് പരിചയപ്പെടുത്തിയത്.

മുസ്‌ല്യാർ തുടരുന്നു: "നബിദിനാഘോഷത്തിന് ഖുർആൻ സൂക്തമോ എന്ന് ചോദിച്ചുകൊണ്ടായിരുന്നു വിസ്ഡം പക്ഷം വിഷയമവതരിപ്പിച്ചത്. എന്നാൽ, കേരള ജംഇയ്യത്തുൽ ഉലമയുടെ രൂപീകരണം ഖുർആൻ 3:104 തെളിവാക്കിയാണ് എന്ന് അൽമനാറിൽ എഴുതിയിട്ടുണ്ട്. ഈ ആയത്തിനെ അടിസ്ഥാനപ്പെടുത്തി സംഘടന രൂപീകരിച്ച സ്വഹാബി ആര്, താബിഈ ആര് എന്ന സുന്നി പക്ഷത്തിന്റെ ചോദ്യം കുറിക്കുകൊണ്ടു."

നബിദിനാഘോഷത്തിന് ഏതെങ്കിലുമൊരു സംഘടന സംവിധാനത്തിന്റെ സ്ഥാനമാണോ

സമസ്തക്കാർ കണക്കാക്കുന്നത്? എങ്കിൽ ഏറ്റവും വലിയ ആഘോഷവും ആരാധനയുമാക്കി നബിദിനത്തെ മാറ്റാൻ വിശുദ്ധ ക്വുർആനിലെ പല സൂക്തങ്ങളെയും മുസ്‌ലിയാക്കന്മാർ കടുത്ത ദുർവ്യാഖ്യാനം നടത്തിയതെന്തിനായിരുന്നു? സംഘടന എന്ന സംവിധാനം പൊതുവായൊരു കൽപനയുടെ ഭാഗവും മതത്തിന്റെ പ്രചരണത്തിന് സൗകര്യപ്രദവുമാണ്. സംഘടനയെ പുതിയൊരു 'ശറഅ്' ആക്കി ആണ്ട് തോറും ആഘോഷിക്കുന്ന രീതി മുജാഹിദുകൾക്കില്ല. സ്വഹാബത്ത് സത്യത്തിന് വേണ്ടി ഒറ്റക്കെട്ടായി നിന്ന ചരിത്ര വസ്തുതയെയും ഇവർക്ക് വിസ്മരിക്കേണ്ടിവന്നു. മാത്രവുമല്ല, ആദ്യ മൂന്ന് തലമുറയുടെ കാലത്തടക്കം എല്ലാ കാലത്തും ജനങ്ങൾക്ക് വേണ്ടി കൊണ്ടുവരപ്പെട്ടൊരു സംഘമുണ്ടാകുമെന്നത് അതേ സൂറത്തിലെ 110ാം വചനത്തിൽ പ്രതിപാദിച്ചതുമാണ്.

മുസ്‌ലിയാർ തുടരുന്നു: "സ്വഹാബത്തിന്റെയും താബിഈങ്ങളുടെയും കാലത്ത് ഇന്നത്തെ പോലുള്ള നബിദിനാഘോഷമില്ല, അതിനാൽ ബിദ്അത്താണ് എന്ന തുടർവാദത്തെ വിശുദ്ധ ഖുർആൻ 36:12ഉം അതിന് നബി(സ)യും മുഫസ്സിരീങ്ങളും നൽകിയ വ്യാഖ്യാനവും തള്ളുന്നതാണെന്ന് വിഷയാവതരണത്തിൽ തന്നെ സുന്നികൾ സമർഥിച്ചു. നബി(സ)യുടെയും സ്വഹാബികളുടെയും കാലത്തില്ലെങ്കിൽ പോലും പ്രമാണവിരുദ്ധമല്ലെങ്കിൽ ഏതു സൽകർമവും അല്ലാഹു സ്വീകരിക്കുമെന്നാണ് ഖുർആനും ഹദീസും പഠിപ്പിച്ചത്.''

തെളിവ് കണ്ടെത്തുമ്പോൾ അത് വാദത്തിന് പറ്റിയതാണോ അല്ലയോ എന്നൊന്നും ആലോചിക്കാനുള്ള 'കാര്യബോധം' പുരോഹിതന്മാർക്കില്ലെന്നതിന്റെ ഉത്തമ തെളിവാണിത്. സൂറതു യാസീനിലെ 'അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു' എന്ന ആയത്ത് ഓരോരുത്തർക്ക് ഇഷ്ടമുള്ളതെല്ലാം ഉണ്ടാക്കി ചെയ്യലും അന്ധമായ അനുകരണം വഴി വിശ്വസിച്ച് പോരുന്ന കാര്യങ്ങളെ അനുവർത്തിക്കണമെന്നതുമല്ല വിഷയീഭവിച്ചിരിക്കുന്നത്. നബിചര്യയിലുള്ള കാര്യങ്ങൾ കൊണ്ട് പ്രയത്നിക്കുന്നവർക്കുള്ള പ്രതിഫലമാണ് അതിന്റെ സാരം. നബിദിനാഘോഷം ഇസ്‌ലാമിലുള്ളതാണെന്ന് തെളിയാത്തിടത്തോളം ക്വുർആനിലെ ഒരു വചനവും സമസ്തക്കാർക്ക് സാന്ത്വനമാവുകയില്ല!

**അൽഇർശാദും അൽമുർശിദും പൊക്കിപ്പിടിച്ച്, ഇതാ ഇവരുടെ പഴയകാല നേതാക്കളും ഇതൊക്കെ അംഗീകരിച്ചവരാണ് എന്ന് വിളിച്ചു പറഞ്ഞ് സായൂജ്യം നേടുന്നു എന്നതല്ലാതെ, അവരാരെങ്കിലും നബിദിനാഘോഷം പോലുള്ള അനാചാരങ്ങളുടെ സവിശേഷതകൾ പറഞ്ഞതിനോ ഇബാദത്താണെന്നോ സുന്നത്താണെന്നോ വിശേഷിപ്പിച്ചതിനോ തെളിവായി അവയിൽനിന്ന് ഒരു വരിയെങ്കിലും വായിച്ച് കേൾപ്പിക്കാൻ ഇന്നുവരെയും ഇവർക്ക് കഴിഞ്ഞിട്ടില്ല!**

മുസ്‌ലിയാക്കന്മാർക്ക് മാത്രം സമാധാനം നൽകുന്ന 'കാൽപാടുകൾ' അവരുടെ നയത്തിൽ തന്നെ ഉള്ളതാണ്. കാലങ്ങളായി കാക്കകാരണവന്മാർ ചെയ്ത് വരുന്ന ആചാരങ്ങൾ വലിച്ചെറിയുന്നവർ പുത്തൻവാദികളാണെന്നും പഴമക്കാർ പിഴച്ചവരാണെങ്കിൽ ഞങ്ങൾക്കും അവരുടെ വഴി മതിയെന്നുമുള്ള പിടിവാശി നയമാണത്. ആർക്കാണ് ഈ സ്വഭാവമുള്ളതെന്ന് ക്വുർആൻ നബി (സ്വ) ഉണർത്തിയത് കാണുക:

"അതുപോലെത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും 'ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു' എന്ന് അവിടെയുള്ള സുഖലോലുപൻമാർ പറയാതിരുന്നിട്ടില്ല"(43:23).

തെളിവ് കണ്ടെത്തുന്ന കോലം കാണുക: "നബി(സ) ജനിച്ചതിന്റെ ഏഴാംനാൾ പിതാമഹൻ അബ്ദുൽ മുത്വലിബ് അഖീഖത്ത് നടത്തിയത് ചരിത്രത്തിൽ അവിതർക്കിതമാണ്. അഖീഖത്ത് ആവർത്തിക്കാറില്ല. എന്നിട്ടും ജന്മ സന്തോഷമായ അഖീഖത്ത് നുബുവ്വത്തിനു ശേഷം നബി(സ) വീണ്ടും നടത്തുകയുണ്ടായി. അത് തിരുജന്മത്തിലെ ശുക്റും സന്തോഷ പ്രകടനവും ഉമ്മത്തിനെ പഠിപ്പിക്കലായിരുന്നു. അതിനെയാണ് മുസ്‌ലിംങ്ങൾ റബീഉൽ അവ്വലിൽ നബിദിനാഘോഷത്തിന് മാതൃകയാക്കുന്നത്.''

പുരോഹിതന്മാരുടെ പ്രമാണമില്ലായ്മ പറഞ്ഞറിയിക്കേണ്ടാത്ത വിധം ഈ വാക്കുകളിൽ തുളുമ്പി

നിൽക്കുന്നുണ്ട്. അഖീഖത്താണ് അവസാന തെളിവെങ്കിൽ ഇനി മുതൽ 'അഖീഖത്താഘോഷം' മഹല്ലുകളിലും മദ്റസകളിലും ആരംഭിക്കട്ടെ! നബി(സ്വ) അറുത്തതാണ് ആഘോഷമെങ്കിൽ അത് സ്വഹാബത്തിന് തിരിയാതാവുകയും മുസ്‌ലിയാക്കന്മാർക്ക് മാത്രം മനസ്സിലാവുകയും ചെയ്തു എന്നതാണോ? തൊട്ടടുത്ത റബീഉൽ അവ്വലിൽ നബി(സ്വ)യോ ഏതെങ്കിലും സ്വഹാബിയോ വീണ്ടും അറുത്തിട്ടുണ്ടോ? നബി(സ്വ) പഠിപ്പിക്കാത്തത് അദ്ദേഹത്തിന്റെ പേര് വെച്ച് മാതൃകയാക്കുന്നത് വലിയ അപരാധമല്ലേ?

പ്രമാണങ്ങളോട് മാറ്റുരച്ചപ്പോളുണ്ടായ ക്ഷതം അതിലേക്ക് മടങ്ങിയാൽ മാത്രമെ സുഖപ്പെടുത്താനാകൂ. അല്ലാഹു പറയുന്നു: "അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നത്" (16:64).

**ഇമാമുമാരും മുസ്‌ലിയാരുടെ ഓളമുണ്ടാക്കലും**

ഇമാം ബുഖാരി(റഹി), ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) എന്നിവരുടെ പേരുകളും ഗ്രന്ഥങ്ങളും ഇടക്കിടെ മുസ്‌ലിയാക്കന്മാർ സംസാരത്തിന് ഓളമുണ്ടാക്കാൻ വേണ്ടി സംവാദത്തിൽ പറഞ്ഞിരുന്നു.

"ഇമാം ബുഖാരി(റ) ഓരോ ഹദീസും രേഖപ്പെടുത്തുന്നതിന്റെ മുമ്പായി കുളി നിർവഹിച്ച് രണ്ട് റക്അത്ത് നിസ്കരിക്കുമായിരുന്നു. വഹാബി ആചാര്യൻ ഇബ്നു തൈമിയ സുബ്ഹിക്കു ശേഷം സൂര്യാസ്തമയം വരെ ഫാത്തിഹ സൂറത്ത് ആവർത്തിച്ചോതുമായിരുന്നു."

ഇമാം ബുഖാരി കുളിച്ചതിനും ഇബ്നു തൈമിയ്യ ഫാതിഹ ഓതിയതിനും അവർ വല്ല പ്രത്യേകയും കൽപിച്ചോ? അങ്ങനെ ചെയ്യൽ നിർബന്ധമാണ്, സുന്നത്താണ് എന്ന വല്ല വിധിയും അവർ പ്രഖ്യാപിച്ചോ? അങ്ങനെ ചെയ്യാത്തവരെ നവീനവാദികളെന്ന് ചാപ്പ കുത്തിയോ? ഇമാമുമാർ ഇതെല്ലാം ചെയ്തത് മുസ്‌ലിയാക്കന്മാർ കണ്ടിട്ടും അവർ നബിദിനം ആഘോഷിച്ചത് കാണാതെ പോയതെന്തേ?

"പക്ഷേ, ബുഖാരിയുടെ ഹദീസ് പ്രകാരം പ്രമാണങ്ങൾക്ക് വിരുദ്ധമല്ലെങ്കിൽ നിസ്കാരത്തിൽ പുതിയ ദിക്ർ ചൊല്ലാമെന്ന് ഇമാം അസ്ഖലാനി ഫത്ഹുൽ ബാരിയിൽ (2422) രേഖപ്പെടുത്തിയതോ? ഈ ചോദ്യം മുജാഹിദിന്റെ വാദത്തിന്റെ അടിവേരിളക്കി."

ഇബ്നു ഹജർ അസ്ഖലാനി(റഹി) പ്രത്യേകമാക്കിയോ രൂപം വെച്ചോ ഒരു ദിക്ർ നമസ്കാരത്തിൽ ചൊല്ലാൻ അനുവദിച്ചിട്ടില്ല. സവിശേഷമാക്കാതെ പൊതുവായി ഏതെങ്കിലും ദിക്ർ ഉരുവിടുന്നതിന് പ്രശ്നമില്ലല്ലോ.

മുസ്‌ലിയാർ 'പ്രമാണങ്ങൾക്ക് വിരുദ്ധമല്ലെങ്കിൽ' എന്നെഴുതിയതിൽ തന്നെ ഈ സംശയം ദൂരീകരിക്കപ്പെടുന്നുണ്ട്. നബിദിനാഘോഷം ഉത്തമ തലമുറയിലില്ലെന്നും അതിനാൽ പ്രാമാണികമല്ലെന്നതും സംവാദത്തിൽ തീർപ്പാക്കപ്പെട്ട കാര്യമല്ലേ? പിന്നെയും ഫത്ഹുൽ ബാരിയിലേക്ക് കണ്ണ് പായിക്കുന്നത് എന്തിനാണ്?

സംവാദത്തിൽ, ലൈലത്തുൽ ക്വദ്റിന്റെ രാത്രിയെക്കാൾ ശ്രേഷ്ഠത നബി(സ്വ)യുടെ ഇസ്റാഇന്റെ രാത്രിക്കാണെന്ന് ഇബ്നു തൈമിയ്യ (റഹി) പറഞ്ഞിട്ടുണ്ടെന്ന് ഇബ്നുൽ ക്വയ്യിം(റ) പറഞ്ഞത് 'സാദുൽ മആദ്' മുന്നിൽ വെച്ച് മുസ്‌ലിയാക്കാന്മാർ പരാമർശിച്ച് പോയിരുന്നു. നബി(സ്വ) ജനിച്ച രാത്രിക്ക് ലൈലത്തുൽ ക്വദ്റിന്റെ രാത്രിയെക്കാൾ മേന്മയുണ്ടെന്ന അവരുടെ വിശ്വാസത്തിൽ നിന്ന് അവരെ കുടുക്കിയ ചോദ്യത്തിന്ന് പകരമാകുമെന്ന് വ്യാമോഹിച്ച് പോയതാണ്. എന്നാൽ അവിടെയും തട്ടിപ്പും വെട്ടിപ്പും തന്നെയാണ് പുരോഹിതന്മാർ നടത്തിയത്. ഒരാൾ ഇമാമിനോട് സംശയം ചോദിച്ചു: 'ലൈലത്തുൽ ക്വദ്റിനെക്കാൾ മഹത്വം ഇസ്റാഇന്റെ രാത്രിക്കാണോ അതല്ല ലൈലത്തുൽ ക്വദ്റിന് തന്നെയാണോ? ഇവ രണ്ടിൽ ഏതാണ് ശരി?' ഇതിന് മറുപടി നൽകി അവസാനിപ്പിക്കവെ 'ചിലയാളുകൾ ഇങ്ങനെ പറഞ്ഞിട്ടുണ്ട് എന്ന് സൂചിപ്പിച്ചതിനെ അദ്ദേഹത്തിന്റെ അഭിപ്രായമാക്കി അവതരിപ്പിക്കുകയാണ് ചെയ്തത്. എന്തിനാണിങ്ങനെ സ്വയം അപമാനിതരാകുന്നത്? ശറഇലോ, ഉത്തമ തലമുറയിലോ ഇത്തരമൊരു കാര്യം കാണാൻ സാധ്യമല്ലെന്ന് ഇമാം വിശദീകരിച്ചതൊന്നും ഇവർ കാണുന്നില്ല.

ചുരുക്കിപ്പറഞ്ഞാൽ സുപ്രഭാതത്തിലെ വിജയഭേരി മുഴക്കിയ ലേഖനം ഇരുട്ടുകൊണ്ടുള്ള ഓട്ടയടക്കലായി മാറി. ബിദ്അത്തുകളിൽ അഭിരമിക്കുകയും സുന്നത്തിനെ പിൻപറ്റുന്നവരെ ബിദ്അത്തിന്റെ ആളുകളായി ചിത്രീകരിക്കുകയും ചെയ്യുന്ന ഏർപ്പാട് ഇനിയെങ്കിലും അവസാനിപ്പിക്കുക എന്നേ പറയാനുള്ളൂ. ■




أَيُّهَا ٱلنَّاسُ ضُرِبَ مَثَلٌ فَٱسْتَمِعُوا۟ لَهُۥٓ ۚ إِنَّ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَن يَخْلُقُوا۟ ذُبَابًا وَلَوِ ٱجْتَمَعُوا۟ لَهُۥ ۖ وَإِن يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ ٱلطَّالِبُ وَٱلْمَطْلُوبُ

# മനുഷ്യന്റെ ദുർബലതയും സ്രഷ്ടാവിന്റെ ശക്തിയും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്
: 00968-98242217

ശാസ്ത്രവും സാങ്കേതികവിദ്യയും വാനോളം വളർന്ന ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമായ, മനുഷ്യന്റെയും അവൻ ആശ്രയിക്കുന്ന ശക്തികളുടെയും യഥാർഥ 'കഴിവുകേട്' തുറന്നുകാട്ടുന്ന ക്വുർആനിലെ അത്ഭുതകരമായ ഒരു വെല്ലുവിളിയാണിത്.

“മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല; അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ” (ക്വുർആൻ 22:73).

### ഒരു ഈച്ചയെ സൃഷ്ടിക്കാമോ?

ആധുനിക മനുഷ്യൻ വലിയ അഹങ്കാരത്തിലാണ്. ക്ലോണിംഗിലൂടെയും നിർമിത ബുദ്ധിയിലൂടെയും ജനിതക സാങ്കേതികവിദ്യയിലൂടെയും എന്തൊക്കെയോ കീഴടക്കി എന്ന് നാം അഹങ്കരി

ക്കുന്നു. എന്നാൽ 1400 വർഷങ്ങൾക്ക് മുമ്പ് ഖുർആൻ മനുഷ്യരാശിയുടെയും, അവർ ദൈവത്തിന് പുറമെ വിളിച്ചു പ്രാർഥിക്കുന്നവരുടെയും മുന്നിലേക്ക് ഒരു ചെറിയ വെല്ലുവിളി എറിഞ്ഞു കൊടുത്തു. ഇന്നുവരെ മറുപടി നൽകാൻ ആർക്കും സാധിക്കാത്ത, ഇനി ഒരിക്കലും സാധിക്കാത്ത ആ വെല്ലുവിളിയാണ് ഈ വചനം. ഈ വചനത്തിലെ ചിന്തോദ്ദീപകമായ കാര്യങ്ങൾ പരിശോധിക്കാം:

എന്തുകൊണ്ട് ഒരു ഈച്ച?: സാധാരണയായി ശക്തി തെളിയിക്കാൻ സിംഹത്തെയോ ആനയെയോ ആണ് ഉദാഹരിക്കാറുള്ളത്. എന്നാൽ ഇവിടെ അല്ലാഹു തിരഞ്ഞെടുത്തത് നിസ്സാരമെന്ന് നാം കരുതുന്ന 'ഈച്ച'യെയാണ്.

ഏറ്റവും ദുർബലമായ, വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ പിന്നെ എന്തിനാണ് ഈ അഹങ്കാരം? ഈച്ചയെ എന്നല്ല അതിലും ചെറിയ ജീവിയെയും മനുഷ്യന് സ്വന്തമായി സൃഷ്ടിക്കാൻ സാധ്യമല്ല. ഈച്ചയുടെ കണ്ണിന്റെ ഘടനയും (Compound Eyes) അതിന്റെ പറക്കൽ രീതിയും (Aerodynamics) ഇന്നും ശാസ്ത്രലോകത്തെ അത്ഭുതപ്പെടുത്തുന്ന എൻജിനീയറിംഗ് ആണ്.

കൂട്ടായ പരിശ്രമവും പരാജയപ്പെടും: 'അതിനായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും' എന്ന പ്രയോഗം ശ്രദ്ധേയമാണ്. ലോകത്തെ മുഴുവൻ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും ദൈവങ്ങളായി വാഴിക്കപ്പെടുന്നവരും ഒന്നിച്ചിരുന്ന് ശ്രമിച്ചാലും, നിർജീവമായ വസ്തുക്കളിൽനിന്ന് ജീവനുള്ള ഒരു ഈച്ചയെ ഉണ്ടാക്കാൻ കഴിയില്ല. ജീവനുള്ള കോശങ്ങളിൽ മാറ്റം വരുത്താൻ മനുഷ്യന് കഴിഞ്ഞേക്കാം, എന്നാൽ ഇല്ലായ്മയിൽ നിന്ന് ജീവൻ നൽകാൻ സ്രഷ്ടാവിനല്ലാതെ ആർക്കും കഴിയില്ല.

അങ്ങേയറ്റത്തെ കഴിവുകേട്: ഈ വചനത്തിന്റെ രണ്ടാം ഭാഗം മനുഷ്യന്റെ കഴിവുകേട് കൂടുതൽ വ്യക്തമാക്കുന്നതാണ്. 'ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുത്താൽ അത് മോചിപ്പിക്കാൻ പോലും അവർക്ക് കഴിയില്ല.'

പ്രസാദമായി വെച്ചിരിക്കുന്ന മധുരപലഹാരത്തിൽ നിന്നോ, മറ്റെന്തെങ്കിലും ഭക്ഷണത്തിൽ നിന്നോ ഒരു ഈച്ച ഒരു തരി ഭക്ഷണം എടുത്തുകൊണ്ട് പോയാൽ, അത് അതേ രൂപത്തിൽ തിരിച്ചുപിടിക്കാൻ ലോകത്തെ വമ്പൻ ശക്തികൾക്ക് പോലും സാധിക്കില്ല.

തട്ടിപ്പറിച്ച് ഓടിപ്പോയ പിടിച്ചുപറിക്കാരനെ ഓടിപ്പിടിച്ച് തൊണ്ടിമുതൽ തിരികെയെടുക്കാൻ മനുഷ്യന് കഴിഞ്ഞേക്കാം. പക്ഷേ, ഒരു ഈച്ചയിൽ നിന്നും അസാധ്യം! ഈച്ചയുടെ ഉമിനീർ ഗ്രന്ഥിയിലെ എൻസൈമുകൾ നിമിഷനേരം കൊണ്ട് ഭക്ഷണത്തെ ദഹിപ്പിച്ച് മാറ്റിക്കളയുന്നു. എത്ര നിസ്സാരനാണ് മനുഷ്യൻ! ഒരു ഈച്ചയോട് പോലും ജയിക്കാൻ അവന് കഴിയില്ല.

അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ: അല്ലാഹു അല്ലാത്ത ഏതൊരു ശക്തിയോട് നിങ്ങൾ പ്രാർഥിച്ചിട്ടും കാര്യമില്ല. പ്രാർഥിക്കുന്ന മനുഷ്യരും (അപേക്ഷിക്കുന്നവർ), പ്രാർഥിക്കപ്പെടുന്ന വ്യാജ ദൈവങ്ങളും/ആൾദൈവങ്ങളും/വിഗ്രഹങ്ങളും (അപേക്ഷിക്കപ്പെടുന്നവർ), മരിച്ചുപോയ മഹാന്മാരും സിദ്ധന്മാരായി ചമയുന്നവരും ഒരുപോലെ ദുർബലരാണെന്ന് ഈ വചനം സമർഥിക്കുന്നു. സൃഷ്ടിക്കാൻ കഴിവില്ലാത്തവർ എങ്ങനെയാണ് സ്രഷ്ടാവാകുക? എങ്ങനെയാണ് ആരാധ്യരാവുക?

ധനം, അധികാരം, സാങ്കേതികവിദ്യ, പ്രശസ്തി പോലുള്ളവയെ ജീവിതത്തിന്റെ കേന്ദ്രമാക്കുന്നവർ ഓർക്കണം! ഇവക്ക് ഒരു ചെറു വൈറസിനെപ്പോലും നിയന്ത്രിക്കാൻ കഴിയില്ല. പലപ്പോഴും അവ നമ്മെ നിയന്ത്രിക്കുന്നു. (കോവിഡ് വൈറസ് ലോകം സ്തംഭിപ്പിച്ചത് നാം സാക്ഷ്യം വഹിച്ചവരാണ്) പണ്ഡിതന്മാർ പറയുന്നു: 'ഈ ഉപമയുടെ ശക്തി അതിന്റെ ലാളിത്യത്തിലാണ്. ഏറ്റവും ചെറിയ ജീവിയെ എടുത്തതുകൊണ്ട് മാത്രം മതി അല്ലാഹുവല്ലാത്തതെല്ലാം നിസ്സാരമാണെന്ന് തെളിയിക്കാൻ.'

ഈ പ്രപഞ്ചത്തിലെ ഓരോ അണുവും സ്രഷ്ടാവിന്റെ കരവിരുതാണ്. സാങ്കേതികവിദ്യ എത്ര വളർന്നാലും, ഒരു ഈച്ചയുടെ ചിറക് നിർമിക്കാൻ പോലും മനുഷ്യൻ അശക്തനാണ് എന്ന തിരിച്ചറിവ്, അവനെ വിനയമുള്ളവനാക്കി മാറ്റണം. ആ തിരിച്ചറിവിലൂടെ, സർവശക്തനായ നാഥനിലേക്ക് മടങ്ങാനാണ് ഈ വചനം നമ്മെ ക്ഷണിക്കുന്നത്.

മനുഷ്യാ, നിന്റെ യഥാർഥ ആശ്രയം അല്ലാഹു മാത്രം. അവനല്ലാത്തതെല്ലാം ദുർബലം, താത്കാലികം, നിസ്സാരം. ഒരു ഈച്ചയുടെ ഉപമയിലൂടെ ഖുർആൻ സൃഷ്ടിപൂജ നടത്തുന്ന മനുഷ്യരെ തൗഹീദിലേക്ക് തിരിച്ചുവിളിക്കുന്നു. അവൻ മാത്രമാണ് യഥാർഥ സ്രഷ്ടാവും സംരക്ഷകനും.

*(തുടരും)*

# ഇതൊക്കെ പറയാൻ താനാരാ?

ഹാദി അബ്ദുൽ റഊഫ് കൂടാളി, കണ്ണൂർ

'മോളേ, ഇന്നിവിടെ നിന്റെ പ്രായത്തിലുള്ള നീ മാത്രമെ ചുണ്ടു ചുവപ്പിക്കാത്തവളായി ഉള്ളൂ. നീയാണ് മോളേ, ഇന്നത്തെ താരം!' ഒരു വിവാഹ ചടങ്ങിൽ പങ്കെടുത്ത പെൺകുട്ടിയോട് പ്രായമായ സ്ത്രീ പറഞ്ഞതാണിത്. ചുരുങ്ങിയ വാക്കുകളാണെങ്കിലും ഇതിലെ ആശയം വളരെ വലുതാണ്. 'നാടോടുമ്പോൾ നടുവേ ഓടുക' അല്ലെങ്കിൽ 'ഒഴുക്കിനൊത്ത് നീങ്ങുക' എന്നൊക്കെയുള്ള ചൊല്ല് നേർക്കാഴ്ചയാകുന്ന വർത്തമാന കാലത്ത് ഇത്തരം വാക്കുകൾ അത്യപൂർവമാണ്.

'എല്ലാവരും ചെയ്യുന്നു' അതുകൊണ്ട് ഞാനും ചെയ്യുന്നു,' 'ഞാനത് ചെയ്തില്ലെങ്കിൽ അവരെന്തു കരുതും' എന്നൊക്കെയാണ് പലരുടെയും ചോദ്യം. ഈയൊരു നിലയില്ലാ നിലപാട് സ്വീകരിക്കുന്ന നമ്മെ 'കൊത്തി വലിക്കാൻ' തക്കംപാർത്തു കഴിയുന്ന കുറെ പുരോഗമനവാദികൾ, അവർ സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരു പറഞ്ഞ് ഇത്തരം ആഭാസങ്ങളെ ആഘോഷമായും ആചാരമായും നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നു. ഇതിന്റെ നിജസ്ഥിതി തിരിച്ചറിയാത്ത നമ്മൾ പൊടുന്നനെ ഇവരുടെ കൊടുംകെണിയിൽ അകപ്പെട്ടു പോവുകയും ചെയ്യുന്നു.

വിവാഹ വേദികളിൽ വധൂവരന്മാരെ കോമാളി കളിപ്പിക്കുന്നത് മാറി. ഇന്ന് സ്വയം കോമാളികളാകുന്ന നവ ദമ്പതിമാരെയാണ് നാം കാണുന്നത്. അവർക്കൊപ്പം 'ചുവടുവെക്കുന്ന' ബന്ധുമിത്രാദികളെയും കാണാം. മാന്യത അൽപമെങ്കിലും കാത്തുസൂക്ഷിക്കുന്നവരാകട്ടെ പടിക്ക് പുറത്താണ്.

അനസ് ഇബ്നു മാലിക്(റ) നിവേദനം; നബി (സ) അരുളി: "ജനങ്ങൾക്ക് ഒരു കാലം വരും. അന്ന് തന്റെ ദീനിൽ ക്ഷമയോടെ ഉറച്ചു നിൽക്കുന്നവൻ ചൂടുള്ള തീക്കനൽ കൈകൊണ്ട് പിടിക്കുന്നവനെ പോലെയായിരിക്കും" (തിർമുദി).

ഈ പ്രവാചക വചനം അക്ഷരംപ്രതി പുലർന്നിരിക്കുന്നു. തോന്നിവാസങ്ങൾക്കെതിരിൽ ഒന്ന് ശബ്ദമുയർത്തിയാൽ, അരുതായ്മകൾ കണ്ട് മുഖം ചുളിച്ചാൽ അത് 'താലിബാനിസ'മാണ് പോലും. 'എന്ത് അധർമം കണ്ടാലും ആരും മിണ്ടരുത്' എന്നാണ് ഇവരുടെ ആവശ്യം. 'ഇങ്ങനെയൊക്കെ ചെയ്താൽ എന്താ ആകാശം ഇടിഞ്ഞു വീഴുമോ,' 'ഇതൊക്കെ പറയാൻ താനാരാ' എന്നൊക്കെയുള്ള ചോദ്യം സ്വന്തം മാതാപിതാക്കളോടാണ്, ഗുരുനാഥന്മാരോടാണ്!

ലിബറൽ ചിന്താഗതിക്കാർ അവരുടെ വിഷ വിത്തുകൾ എളുപ്പത്തിൽ വിറ്റു പോകുന്നതിനായി സ്വീകരിച്ച മാർഗം, സമൂഹത്തിൽ നിലനിൽക്കുന്ന, മനുഷ്യനെ മറ്റു ജീവിവർഗങ്ങളിൽനിന്നും വ്യത്യസ്തനാക്കുന്ന 'ലജ്ജ' എന്ന സദ്ഗുണത്തെ തുടച്ചുനീക്കലാണ്. ഈ സവിശേഷ ഗുണം ഒരു മനുഷ്യനിൽ ഇല്ലാതാകുന്നതോടുകൂടി അവന് പിന്നെ നന്മയും തിന്മയും ഒരുപോലെയാണ്. ഉക്ബത്ത് ഇബ്നു ആമിർ(റ) നിവേദനം; റസൂൽ(സ) പറഞ്ഞു: "നിനക്ക് ലജ്ജയില്ലെങ്കിൽ നീ തോന്നിയതുപോലെ ചെയ്തുകൊള്ളുക"(ബുഖാരി).

യഥാർഥത്തിൽ ഇന്നിവിടെ സംഭവിക്കുന്നതും ഇതുതന്നെയാണ്. 'നാണം' അല്ലെങ്കിൽ 'ലജ്ജ' എന്ന ഗുണം സമൂഹത്തിന് വിനഷ്ടമായിക്കൊണ്ടിരിക്കുന്നു. 'മൈ ബോഡി, മൈ ലൈഫ്,' 'മൈ ലൈഫ് മൈ ചോയ്സ്' എന്നൊക്കെ പുലമ്പുന്നവരുടെ കണ്ണിൽ ഇസ്‌ലാമാണ് ഏക ശത്രു. കാരണം മനുഷ്യൻ മൃഗത്തെ പോലെയാകരുതെന്ന് ഇസ്‌ലാം നിഷ്കർശിക്കുന്നു. അല്ലാഹു പറയുന്നു: "അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണമാക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും" (ഖുർആൻ 9:32).



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം..

WISDOM students

# 30 -ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

## മാർച്ച് 8 2026 ഞായർ

**3 ലക്ഷം രൂപയുടെ സമ്മാനങ്ങൾ**

### 5 കാറ്റഗറികൾ

**ജനറൽ :** പ്രായ ഭേദമന്യേ
**അൽ ബയാൻ :** ക്യാമ്പസ് വിദ്യാർത്ഥികൾക്ക്
**ടീൻസ് :** 12 മുതൽ 18 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**കിഡ്സ് :** 12 വയസ് വരെയുള്ള വിദ്യാർത്ഥികൾക്ക്
**ഗ്ലോബൽ :** ഔട്ട് ഓഫ് കേരള പരീക്ഷാർത്ഥികൾക്ക്



For Registration
and more details

guide.wisdomislam.org/qvp

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
24 January 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

VISION 2030
جامعة الهند الإسلامية

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

# CONVOCATION 3.0

2026 ഫെബ്രുവരി 6 7 8 വാദീ അൽ ഹിക്മ മിനിഊട്ടി, മലപ്പുറം



www.jamiaalhind.com | +91 9961 725 725 | info@jamiaalhind.com